# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP4/689/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP4/689/2022 തീയ്യതി: 03/06/2022

## തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 02-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 02-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബി പി ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീ. ശ്രീജിത്ത് എസ് കെ ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി ആര്യ കൃഷ്ണൻ എ ആർ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ആർ റ്റി ബിജുകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി വസന്ത കുമാരി.ആർ.എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| വി.മോഹനൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ആനന്ദ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ബിനോയ് ഭുവൻ | വി ഇ ഒ സർക്കിൾ ബി | 01-04-2020 | 31-03-2021 |
| ശ്രീ. അനിൽകുമാർ | വി ഇ ഒ സർക്കിൾ എ | 01-04-2020 | 28-01-2021 |
| ശ്രീ.ഗോകുൽ | വി ഇ ഒ സർക്കിൾ എ | 29-01-2021 | 31-03-2021 |
| ഡോ. ബിജു ആർഎം | മെഡിക്കൽ ഓഫീസർ ഫാമിലി ഹെൽത്ത് സെന്റർ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീജ എസ് നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. മേഴ്സി പി | എച്ച് എം | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ. അരുൺ കുമാർ ജി എസ് | വെറ്റിനറി സർജൻ | 01-04-2020 | 27-05-2020 |
| ഡോ. ആശ വിജയൻ | വെറ്ററിനറി സർജൻ | 28-05-2020 | 02-08-2020 |
| ഡോ. മൃദുല | വെറ്ററിനറി സർജൻ | 03-08-2020 | 31-03-2021 |
| ശ്രീമതി രുഗ്മിണി റ്റി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. മഹേഷ് .ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതീ ബിന്ദു.ജെ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. പ്രവിത കുമാരി.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: BINDHULATHA BP (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: K Sreeja (Deputy Director, On 03-06-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Sreejith S K (Senior Grade Auditor, On 17-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-4 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 18-04-2022)<br>Last Updated By: Biji T (Computer Assistant, On 23-05-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-8 |
| 10 | എം സി എഫ് നിർമ്മാണ പ്രവൃത്തിയിൽ കൂലി ഇനത്തിൽ അധികം തുക നൽകി- 43225/- രൂപയുടെ ചെലവിന് വ്യക്തമായ സാധൂകരണം നൽകേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-8-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 20-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-9 |
| 12 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-10 |
| 13 | ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-11 |
| 14 | ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-12 |
| 15 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-13 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-14 |

| | | |
|---|---|---|
| 17 | ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-15 |
| 18 | വക്കീൽ ഫീസ് ഇനത്തിൽ നൽകിയ തുകയിൽ നിന്നും ടി ഡി എസ് ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-16 |
| 19 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-17 |
| 20 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - സർക്കാർ നിർദേശത്തിന് വിരുദ്ധമായി സെന്റേജ് ചാർജ്ജ് നൽകി- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 1496700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 11-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-18 |
| 21 | നഗരസഭാഫണ്ട് - ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല<br>Written By: Sosamma.S (Audit Officer, On 11-04-2022)<br>Last Updated By: Biji T (Computer Assistant, On 23-05-2022) | 1-19 |
| 22 | തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിൽ അപാകതകൾ - 2065802/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തെരുവ് വിളക്ക് പരിപാലനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>Written By: Sosamma.S (Audit Officer, On 11-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-20 |
| 23 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 1947105/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Sosamma.S (Audit Officer, On 11-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-21 |
| 24 | ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-22 |
| 25 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-23 |
| 26 | സുഭിക്ഷകേരളം പദ്ധതി - കാർഷിക മേഖലയിൽ ലക്ഷ്യം കൈവരിക്കാനായില്ല<br>Written By: Sosamma.S (Audit Officer, On 17-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-24 |
| 27 | പാഥേയം പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1595520/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 21-05-2022) | 1-25 |
| 28 | ബഡ്സ് സ്കൂൾ ടീച്ചർ ഹെൽപ്പർ ഓണറേറിയം ചെലവ് രേഖകൾ ഹാജരാക്കിയില്ല - 115500/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 19-05-2022) | 1-26 |
| 29 | റെമഡിയൽ വിദ്യാഭ്യാസം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 25000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | 1-27 |
| 30 | ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് | 1-28 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല.<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | |
| 31 | മരുന്നുകളുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല 499832/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-29 |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗ രേഖ ലഭ്യമല്ല 375000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | 1-30 |
| 33 | ലക്ഷം വീട് വാസയോഗ്യമാക്കൽ- 8 വർഷം കാലപ്പഴക്കമില്ലാത്ത വീടുകൾക്കും ആനുകൂല്യം നൽകി<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-31 |
| 34 | ലൈഫ് ഭവനപദ്ധതി- സമയബന്ധിതമായി പണി പൂർത്തിയാക്കുന്നില്ല<br>Written By: Arya Krishnan A.R (Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-32 |
| 35 | റെയിൽവേ ലൈനിന് 30 മീറ്ററിനുള്ളിൽ വരുന്ന സ്ഥലത്ത് റെയിൽവേയുടെ എൻഒസി ഇല്ലാതെ വീട് അനുവദിച്ചു<br>Written By: Arya Krishnan A.R (Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-33 |
| 36 | ജനറേറ്റർ സ്ഥാപിച്ചതിലെ അപാകതകൾ-37500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-05-2022) | 1-34 |
| 37 | പദ്ധതി തുക ഉപയോഗിച്ച് ശമ്പളംഅനുവദിച്ചു- സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-35 |
| 38 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി. സർക്കാരിന് നഷ്ടം -311200/-രൂപ<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-36 |
| 39 | മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-37 |
| 40 | സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യസുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-38 |
| 41 | അംഗൻവാടി പോഷകാഹാരം - സപ്ലൈകോയ്ക്ക് അധികമായി തുക അനുവദിച്ചു - 23,337/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-39 |
| 42 | ജി.എസ്.ടി. ബില്ലുകളിന്മേൽ റ്റി.ഡി.എസ്. ഈടാക്കിയില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-40 |
| 43 | പ്രവൃത്തിക്ക് അനുമതി ലഭിക്കുന്നതിനു മുമ്പ് തന്നെ കരാറിൽ ഏർപ്പെട്ടു- കരാറുകൾ ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022) | 1-41 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 24-05-2022) | |
| 44 | ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല-13,85,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-42 |
| 45 | GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | 1-43 |
| 46 | ടാറിംഗ് പ്രവൃത്തികളിൽ ടാർ ബില്ല് ഉൾപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ ഫയലുകൾ പൂർണവും ആധികാരികവുമായി സൂക്ഷിക്കേണ്ടതുണ്ട്.<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-44 |
| 47 | എം ബുക്കിൽ അളവ് രേഖപ്പെടുത്താതെ പ്രവൃത്തി നടത്തിയതായി കാണിച്ച് തുക അനുവദിച്ചു-18,162.04/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-45 |
| 48 | റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | 1-46 |
| 49 | സൈഡ് വാൾ നിർമ്മാണത്തിൽ ആവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി-വിശദീകരണം ലഭ്യമാക്കിയിട്ടില്ല.<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-47 |
| 50 | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല-13135/-രൂപ ഈടാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 1-48 |
| 51 | സംരക്ഷണഭിത്തി നിർമ്മാണത്തിൽ സർക്കാർ നിർദേശം അവഗണിച്ച RCC Middle Belt നൽകി<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-49 |
| 52 | Ladder നിർമ്മാണത്തിന് അധിക നിരക്ക് നൽകി-7384/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-50 |
| 53 | ഒരു വർഷം നിർവ്വഹിക്കുവാൻ തയ്യാറാക്കുന്ന പദ്ധതികൾ അതേവർഷം തന്നെ പൂർത്തീകരിക്കത്തക്ക വിധത്തിൽ അനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 16-04-2022)<br>Last Updated By: Biji T (Computer Assistant, On 24-05-2022) | 1-51 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ജനറേറ്റർ സ്ഥാപിച്ചതിലെ അപാകതകൾ-37500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Sosamma.S (Audit Officer, On 24-05-2022)<br>Last Updated By: Sosamma.S (Audit Officer, On 24-05-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sosamma.S (Audit Officer, On 17-04-2022)<br>Last Updated By: Biji T (Computer Assistant, On 20-05-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Arya Krishnan A.R (Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 21-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sosamma.S (Audit Officer, On 17-04-2022)<br>Last Updated By: Biji T (Computer Assistant, On 21-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 17-04-2022)<br>Last Updated By: Biji T (Computer Assistant, On 21-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sosamma.S (Audit Officer, On 17-04-2022)<br>Last Updated By: Biji T (Computer Assistant, On 21-05-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 17-04-2022)<br>Last Updated By: Biji T (Computer Assistant, On 21-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sosamma.S (Audit Officer, On 24-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 20-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.20 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 3221944.36 രൂപയും, പ്രതീക്ഷിത വരുമാനം 344982331/-രൂപയും ആകെ ചെലവ് 345545198/-രൂപയും നീക്കിയിരിപ്പ് ബാക്കി 2659077.36/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 16.04.2021 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2020-2021 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.
2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (4256954/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (2715684/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.
4. ബി 17 ഷെഡ്യൂൾ പ്രകാരം Treasury Own Fund VPFA-1-2 ൽ 3027/- രൂപയുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ അക്കൗണ്ടിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.
5. 2020-21 സാമ്പത്തിക വർഷം പ്രോജക്ടുകൾക്ക് പാർട്ട് ബിൽ ആയി നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, B1(a)യിലെ Work In Progress ഇനത്തിലെ 154232/- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
6. ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.
7. RP- 47 പ്രകാരം 460500201- Advance To Implementing Agencies- Deposit With KWA ഇനത്തിൽ 1496700/- രൂപ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2486700/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. 990000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
8. പ്രോജക്ട് നമ്പർ 359 ന് Expenditure Statement പ്രകാരം 1500000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, എ എഫ് എസ് RP 38 പ്രകാരം 990000/- രൂപ ചെലവും 510000/- B-4 പ്രകാരം നീക്കിയിരിപ്പും കാണിക്കുന്നു.
9. Library Grant ക്യാഷ് ബുക്ക്, എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| എ എഫ് എസ് പ്രകാരം | 1160 | 16480 | 15000 | 2640 |
| ക്യാഷ് ബുക്ക് പ്രകാരം | 1160 | 15850 | 15000 | 2010 |

10. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം ജില്ലാ പഞ്ചായത്ത് വിഹിതം വരവ്-ചെലവ്- നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ:

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| (2019-20) B4 | RP7, 31 | (സുലേഖ പ്രകാരം) | | 2020-21 B4 |
|---|---|---|---|---|
| 440815 | 10484267 | 10925082 | 0 | 510000 |

11. 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100121 | Centrally Sponsored Scheme- ICDS | 2043937 |
| 2 | 320200308 | Library Grant | 2640 |
| 3 | 320200309 | Literacy Scheme Grant | 14480 |
| 4 | 320200322 | Grants From Suchitwa Mission | 3682833 |
| 5 | 320300199 | Grants, Funds & Contributions For Specific Purposes- Other Govt Agencies | 2138609 |
| 6 | 320700104 | Contribution For Joint Venture Projects (For Capital Expenditure)- From Block Panchayats | 500000 |
| 7 | 320700305 | Contribution For Other Specific Purposes (For Capital Expenditure)- From District Panchayats | 510000 |
| 8 | 320800101 | Beneficiary Contributions | 292800 |
| 9 | 350200301 | Recoveries Payable - COVID | 1008438 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 07/30.03.2022) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

I, Ii, Iii) ക്രമ നമ്പർ 1,2,3 എന്നിവ പ്രകാരമുള്ള അപാകതകൾ അടുത്ത് എ എഫ് എസ് തയ്യാറാക്കുന്ന അവസരത്തിൽ ശ്രദ്ധിക്കുന്നതും അപാകത പരിഹരിക്കുന്നതുമാണെന്ന് അറിയിച്ചു.

Iv. 2013 മുതലുള്ള അക്കൗണ്ട്സ് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ട് ഇടപാടുകൾ ഒന്നും ഇല്ലാത്ത കാലഹരണപ്പെട്ട അക്കൗണ്ട് ആയാണ് അവശേഷിക്കുന്നത്.

V. Capital Work In Progress വിഭാഗത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ Cherumala Water Supply Scheme In Ward 1 എന്ന പാർട്ട് ബിൽ ചെലവാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

Vi. സ്റ്റോക്കുകളുടെ മൂല്യനിർണയം അടുത്ത എ എഫ് എസ്-ൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചു.

Vii. കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കായി ഇടമനക്കുഴി പൈപ്പ് ലൈൻ മെയിന്റനൻസ് പദ്ധതിയ്ക്ക് 990000/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ, ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് കുടിവെള്ള പൈപ്പ് ലൈൻ എന്ന ഹെഡിലാണ്. എ എഫ് എസ് തയ്യാറാക്കിയ സമയത്ത് പ്രസ്തുത അപാകത ശ്രദ്ധയിൽപ്പെട്ടില്ലായെന്നും അറിയിച്ചു.

Viii. നഗര സഞ്ചയ പദ്ധതി പ്രകാരം തിരുനന്തപുരം കോർപ്പറേഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് 1500000/- രൂപ ലഭിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് നമ്പർ 359, ഇടമനക്കുഴി പൈപ്പ് ലൈൻ മാറ്റൽ എന്ന പ്രവൃത്തി കോർപ്പറേഷന്റെ പ്രോജക്ടുമായി മാപ്പ് ചെയ്ത് അപ്രൂവ് ചെയ്ത് ബിൽ മാറുന്ന മുറയ്ക്കാണ് സുലേഖയിൽ ചെലവ് രേഖപ്പെടുത്തുന്നത്. എന്നാൽ, എസ്റ്റിമേറ്റ് ലഭിച്ചത് 990000/- രൂപയ്ക്ക് മാത്രമായതിനാൽ 990000/- രൂപയാണ് കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ചെയ്തതെന്നും ആയതിനാലാണ് വ്യത്യാസം വന്നതെന്നും അറിയിച്ചു.

Ix. എ സി ആർ പ്രകാരമുള്ള ലൈബ്രറി ഗ്രാന്റ് വിവരങ്ങളാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിച്ചു.

X. നഗര സഞ്ചയ പദ്ധതി പ്രകാരം ഇടമനക്കുഴി പൈപ്പ് ലൈൻ മാറ്റൽ എന്ന പദ്ധതിയ്ക്ക് ലഭിച്ച 1500000/- രൂപയിൽ 990000/- രൂപ ചെലവ് ചെയ്ത ശേഷം അവശേഷിക്കുന്ന തുകയാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Xi. ബി - 4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എ) സമ്പൂർണ പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുകയാണ് 2043937/- രൂപയെന്നും ആയത് 2021-22 വർഷം പദ്ധതി വകയിരുത്തി ചെലവ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചു.

ബി) ലൈബ്രറിയുടെ ആവശ്യങ്ങൾക്ക് പ്രസ്തുത തുക വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചു.

സി) സാക്ഷരത പരിപാടികൾക്ക് ലഭിച്ച തുക

ഡി) സാനിട്ടേഷൻ പദ്ധതികൾക്കായി ലഭിച്ച തുക ചെലവ് ചെയ്ത് വരുന്നു.

ഇ) പ്രസ്തുത തുക അംഗനവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ (20000/-), ലൈഫ് സംസ്ഥാന വിഹിതം (18400000/-), ജിയോടാഗ് ചാർജ്ജ് (2850/-), കില ട്രെയിനിംഗ് (7387/-), അംഗനവാടികൾക്ക് ബോർഡ് സ്ഥാപിക്കൽ ( 56695/-) എന്നിങ്ങനെ വിവിധ ഉദ്ദേശ്യങ്ങൾക്കായി 2021-2022 സാമ്പത്തിക വർഷം ചെലവഴിച്ചു. തുക അടിയന്തിരമായി ചെലവ് ചെയ്യുന്നതാണെന്ന് അറിയിച്ചു.

ജി) നഗര സഞ്ചയ പദ്ധതി പ്രകാരം ലഭിച്ച 1500000/- രൂപയിൽ അവശേഷിക്കുന്ന തുകയാണ്. പദ്ധതി ചെലവ് കഴിച്ചുള്ള തുക അടിയന്തിരമായി സർക്കാരിന് തിരികെ നൽകുന്നതാണെന്ന് അറിയിച്ചു.

എച്ച്) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവൃത്തികൾ, ജലജീവൻ പദ്ധതി എന്നിവയുടെ ഗുണഭോക്തൃ വിഹിതം തുകയാണ് അവശേഷിക്കുന്നത്.

ഐ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവരുടെ ഒരു മാസത്തെ ശമ്പളം/ ഓണറേറിയം തുകയാണ് ഈ ഹെഡിൽ അവശേഷിക്കുന്നത്.

നിർവ്വഹണ ഉദ്യേഗസ്ഥരുടെ റിക്വിസിഷൻ അനുസരിച്ച് തുക പൂർണമായും ചെലവ് ചെയ്യുന്നതാണെന്ന് അറിയിച്ചു.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18405879 | 18405879 | 21557303 | -3151424 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9051608 | 9051608 | 8029643 | 1021965 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| Maintanance Fund (Road) | 0 | 15255000 | 15255000 | 15071408 | 183592 |
| Maintanance Fund (Non-road) | 0 | 7368709 | 7368709 | 7368709 | 0 |
| Development Fund (CFC Untied) | 0 | 20115015 | 20115015 | 13319259 | 6795756 |
| Development Fund (CFC Tied) | 0 | 10350000 | 10350000 | 5375909 | 4974091 |

മറ്റ് ഫണ്ടുകൾ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട്- ഐ സി ഡി എസ്* | 1943131 | 1500806 | 3443937 | 1400000 | 2043937 |
| ലിറ്ററസി | 14093 | 387 | 14480 | 0 | 14480 |

| | | | | | |
|---|---|---|---|---|---|
| സ്കീം ഗ്രാന്റ് | | | | | |
| എം ജി എൻ ആർ ഇ ജി എസ് | 0 | 1843007 | 1843007 | 1843007 | 0 |
| ലൈബ്രറി ഗ്രാന്റ്** | 1160 | 16480 | 17640 | 15000 | 2640 |
| ശുചിത്വ മിഷൻ | 1961273 | 3472222 | 5433495 | 1750662 | 3683833 |

* എ സി ആർ പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് 15614204/- രൂപയും, ചെലവ് 3585783/- രൂപയും, നീക്കിയിരിപ്പ് 12028421/- രൂപയുമാണ്.

** ക്യാഷ് ബുക്ക് പ്രകാരമുള്ള ലൈബ്രറി ഗ്രാന്റ് വരവ് 15850/- രൂപയാണ്. സ.ഉ.(കൈ)നമ്പർ 79/2020/ധന., സ.ഉ.(സാധാ)2247/2021/ത.സ്വ.ഭ.വ ഉത്തരവുകൾ മുഖേന അനുവദിച്ചിട്ടുള്ള അധികവിഹിതം, ക്യാരി ഓവർ എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

### പദ്ധതി നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 17 | 15 | 2 | 88 | 3947896 | 1721064 | 44 |
| Ii | വെറ്റിനറി സർജൻ | 16 | 13 | 3 | 81 | 9915000 | 3744165 | 38 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 14 | 12 | 2 | 86 | 4640844 | 4298740 | 93 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 2 | 1 | 67 | 375000 | 322363 | 86 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 2 | 1 | 67 | 1090000 | 1033099 | 95 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 21 | 4 | 84 | 22,04,43,322 | 2,76,97,040 | 13 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 12 | 5 | 71 | 6619916 | 5022221 | 76 |
| Viii | സെക്രട്ടറി | 37 | 31 | 6 | 84 | 23131236 | 16851527 | 73 |
| Ix | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1 | 0 | 492000 | 0 | 0 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 170 | 137 | 33 | 87 | 51006425 | 33873579 | 66 |
| Xi | എച്ച്.എം. | 11 | 8 | 3 | 72 | 1952080 | 1294126 | 66 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 | 1185450 | 1075450 | 91 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 18 | 9 | 9 | 50 | 7418178 | 2689733 | 36 |
| ആകെ | | 334 | 264 | 70 | 79 | 332217347 | 99623107 | **30** |

1) ആകെ വകയിരുത്തിയതിന്റെ 59 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 18 പ്രോജക്ടുകളിൽ 9 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഫണ്ട് വിനിയോഗം 36% മാത്രമാണ്.

3) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഫണ്ട് വിനിയോഗം 13% മാത്രമാണ്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 3576000 | 249 |
| വിധവാപെൻഷൻ | 23858100 | 1637 |
| വാർദ്ധക്യകാലപെൻഷൻ | 47045000 | 3483 |
| വികലാംഗപെൻഷൻ | 6758400 | 477 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 762200 | 53 |
| വിവാഹധനസഹായം | 90000 | 3 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.03.2022, 4.00 PMന് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 335616/- രൂപയുടെ ക്യാഷ് ബാലൻസ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

മുൻ വർഷങ്ങളിൽ പ്രത്യേക പദ്ധതികൾക്കായി മറ്റ് സ്ഥാപനങ്ങൾ നൽകിയ തുക ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

വസ്തു നികുതി നിർണയത്തിലെ അപാകതകൾ മൂലം പ്രസ്തുത ഇനം വരവ് നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു.

ലൈസൻസ് എടുക്കാതെ റേഷൻ കടകൾ മറ്റ് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു.

വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിന് സെന്റേജ് ചാർജ്ജ് ഒടുക്കേണ്ടതില്ല എന്ന നിർദേശം നിലനിൽക്കേ ആയത് ഉൾപ്പെടുത്തി തുക ഒടുക്കി.

ഗുണമേൻമ സർട്ടിഫിക്കറ്റ് ഇല്ലാതെയും വൈദ്യുത ബോർഡ് അധികാരികളുടെ സാക്ഷ്യപത്രം ഇല്ലാതെയും തെരുവ് പരിപാലന പദ്ധതികൾക്ക് വികസന ഫണ്ട് ചെലവഴിച്ചു.

വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ച പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകൾ, ധനവിനിയോഗ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കാതെ പദ്ധതി വിഹിതം ശമ്പളത്തിനായി വിനിയോഗിച്ചു.

സർവ്വീസ് ഫാമിലി പെൻഷൻകാർക്കും, മരണമടഞ്ഞ ഗുണഭോക്താക്കൾക്കും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണ തോതിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 1843007 | 1843007 | 1843007 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 54246669 | 54246669 | 54246669 | 0 |
| 100 ദിന ഇൻസെന്റീവ് | 0 | 288000 | 288000 | 288000 | 0 |
| ആകെ | 0 | 56377676 | 56377676 | 56377676 | 0 |

## 1-8-1 എം സി എഫ് നിർമ്മാണ പ്രവൃത്തിയിൽ കൂലി ഇനത്തിൽ അധികം തുക നൽകി- 43225/- രൂപയുടെ ചെലവിന് വ്യക്തമായ സാധൂകരണം നൽകേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി - എം സി എഫ് നിർമ്മാണം

വാർഡ് റസൽപുരം

MB.no.142/20-21

AV/266068

FTO No.451050/13.11.2020, Contractor Sarath 10095/-

MB പേജ് നം 3,4 പ്രകാരം Mcf ന്റെ പുറത്ത് Weld Mesh ഉപയോഗിച്ചതിന് ചെയ്യുന്നതിന് 10.25.2 എന്ന ഐറ്റം പ്രകാരം 19.785 Kg Mesh ന് ഉപയോഗിച്ചതായും അതിന് Co-eficient (1.43) ഉൾപ്പെടെ 19.785 X 1.43 = 28.29 Kg Mesh ഉപയോഗിച്ചതായും അതിന് 123.2 രൂപ നിരക്കിൽ 28.29 X 123.2 = 3485/- യും കണക്കാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഐറ്റത്തിന് Unskilled Labour – 1370/-രൂപയും Semi Skilled Labour- 7800/- രൂപയും, Meterial- 2965.82/- രൂപയും കണക്കാക്കി തുക പേജ് നം 4 പ്രകാരം നൽകിയിട്ടുണ്ട്. ചുവടെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിന് 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-25 നൽകിയിരുന്നു.

A. 10.25.2 എന്ന Specification പ്രകാരം വരുന്ന 123.2/kg യിൽ Labour Part, Meterial Part എന്നിവ ഉൾപ്പെടുന്നുണ്ട്. അതിനാൽ പ്രവൃത്തിക്ക് അനുവദിച്ച 3485/- രൂപയിൽ Labour Part, Meterial Part എന്നിവ ഉൾപ്പെടുന്ന എന്നിരിക്കെ അധികമായി Labour ഇനത്തിൽ തുക അനുവദിക്കാനുണ്ടായ കാരണം വ്യക്തമല്ല.

B. എസ്റ്റിമേറ്റ് പ്രകാരമുള്ള 10.25.2 എന്ന Specification പ്രകാരം 10 Mm, 12mm Thickness വരുന്ന സ്റ്റീൽ Pipe ഉപയോഗിച്ചുള്ള പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. Mesh ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് അതിനനുസരിച്ചുള്ള നിരക്ക് നൽകാത്തതിനു കാരണം.

C. 10.25.2 എന്ന Specification ൽ 200kg വരുന്ന Meterials ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് നൽകാവുന്ന നിരക്കാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ 28.29 കിലോ Meterials ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് നടന്നിട്ടുള്ളത്. എന്നിട്ടും ചെയ്ത 28.29 കിലോ Meterials ഉപയോഗിച്ചുള്ള പ്രവൃത്തിക്കനുസരിച്ചുള്ള Labour അനുവദിക്കാത്തതിനു കാരണം.

D. Estimate ൽ 10.25.2 എന്ന Specification ൽ Co-eficient ആയി 1 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എനാനാൽ Mbook ൽ അത് 1.43 ആയി ഭാരം കണക്കാക്കിയിരിക്കുന്നു.

എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു.

പ്രവൃത്തിയിൽ Labour ഇനത്തിൽ അധികം നൽകിയ തുക ചുവടെ പറയുന്നു.

അനുവദിക്കാവുന്ന തുക - 28.29 X 123.2 = 3485/-

Meterial-2965.82

Labour-519

അനുവദിച്ച തുക - 28.29 X 123.2 = 3485/-

Meterial-2965.82

Labour- 9170/- (Unskilled Labour – 1370/-രൂപ, Semi Skilled Labour- 7800/- രൂപ)

Labour ഇനത്തിൽ അധികം നൽകിയ തുക - 8651/-( 9170 – 519 )

ഈ രീതിയിൽ തന്നെയാണ് ചുവടെ പറയുന്ന പ്രവൃത്തികളിലും Labour ഇനത്തിൽ തുക അനുവദിച്ചിട്ടുള്ളത്.

AV/266060 ( MB.no.143/20-21)

AV/266072 ( MB.no.141/20-21)

AV/266071 ( MB.no.144/20-21)

AV/266091 ( MB.no.140/20-21)

മേൽ സാഹചര്യത്തിൽ പ്രസ്തുത ഇനത്തിൽ അധികം നൽകിയ 43225/-(8651 X 5) രൂപ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.3.2022 | 01/2021 മുതൽ 7/2021 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.3.2017 23.3.2017 | 2011-12 മുതൽ 2015-16 വരെ | 11.5.2017 |

## 1-10 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകങ്ങൾ

എ) ഗ്രാമപഞ്ചായത്തു പ്രദേശത്തെ മേഖലാവിഭജനം നടത്തിയതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല .

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതു സംബന്ധിച്ച രേഖകൾ, ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/01.04.2022) ഭരണസമിതിയുടെ 28.10.2011 ലെ 1(1) തീരുമാനത്തിലൂടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതായും, മേഖലാ വിഭജനം അംഗീകരിച്ചിട്ടുള്ളതായും, വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ്, മേഖലാ വിഭജനം സംബന്ധിച്ച രേഖകൾ എന്നിവ മുൻകാലങ്ങളിലെ ഓഡിറ്റ് ടീമിനു ലഭ്യമാക്കിയിട്ടുള്ളതായും, വളരെ പഴയ രേഖകളായതിനാൽ പരിശോധിച്ചു ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽ പ്രകാരമുള്ള തീരുമാനത്തിൽ 'പഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം,ദ്വിതീയം, ത്രിതീയം എന്നീ മേഖലകളായി തരംതിരിച്ചു സെക്രട്ടറി കമ്മിറ്റി മുമ്പാകെ സമർപ്പിച്ചത് കമ്മിറ്റി പരിശോധിച്ച അംഗീകരിച്ച തീരുമാനിച്ചു' എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതൊക്കെ പ്രദേശങ്ങളെ ഏതൊക്കെ മേഖലകളിൽ ഉൾപ്പെടുത്തി എന്നതു വ്യക്തമല്ല. നിലവിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡം 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ആണ്. ഇതനുസരിച്ചുള്ള മേഖലാ വിഭജന രേഖകൾ വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന രേഖകളായി ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതും, ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും അനിവാര്യമാണ്.

ഇത്തരം രേഖകൾ അടിസ്ഥാനമാക്കാതെ വസ്തു നികുതി നിർണ്ണയിക്കുന്നതിൽ അനവധി അപാകതകളുണ്ട്.

ബി) ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല രേഖപ്പെടുത്തി നികുതി നിർണയം

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 20/713 | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 5മീറ്ററിൽ കൂടുതൽ | ദ്വിതീയം | ഒരേ പ്ലോട്ടിലെ വ്യത്യസ്ത കെട്ടിടങ്ങൾ |
| 2 | 20/713എ | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 5മീറ്ററിൽ കൂടുതൽ | ദ്വിതീയം | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 20/713ബി | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 5മീറ്ററിൽ കൂടുതൽ | ദ്വിതീയം | |
| 4 | 20/713സി | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 5മീറ്ററിൽ കൂടുതൽ | ദ്വിതീയം | |
| 5 | 20/714 | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 5മീറ്ററിൽ കൂടുതൽ | പ്രഥമം | |
| 6 | 20/715 | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 5മീറ്ററിൽ കൂടുതൽ | പ്രഥമം | |
| 7 | 20/716 | സുബ്രഹ്മണ്യം | വാണിഗർ തെരുവ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | |
| 8 | 1/919 | അരുൺ എൻ.ബി. | എരുത്താവൂർ മുതൽ മുക്കംപാലമൂട് വരെ | 5 മീറ്ററിൽ കൂടുതൽ | പ്രഥമം | |
| 9 | 1/921 | രാജൻ റ്റി | എരുത്താവൂർ മുതൽ മുക്കംപാലമൂട് വരെ | 5 മീറ്ററിൽ കൂടുതൽ | തൃതീയം | |
| 10 | 1/924 | സിന്ധു എൽ | എരുത്താവൂർ മുതൽ മുക്കംപാലമൂട് വരെ | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | |

സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.27/01.04.2022) പഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിക്കുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്‌വെയർ ലഭ്യമാകാത്തതിനാൽ സോഫ്റ്റ് വെയർ ഓപ്പൺ ആകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

സി) വസ്തു നികുതി ഈടാക്കിയതിൽ കുറവ്

2020-21 ൽ വസ്തു നികുതി നിർണ്ണയം നടത്തിയ ആദ്യ 50 അപേക്ഷകൾ പരിശോധിച്ചതിൽ കെട്ടിടത്തിന് കുറഞ്ഞ നികുതി ഈടാക്കിയതായി കാണുന്നു.

| കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണ്ണം ആവശ്യം | പ്ലാൻ പ്രകാരമുള്ള വഴി സൗകര്യം | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് | ഇളവ് | ഈടാക്കേണ്ട വസ്തുനികുതി | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|---|---|---|---|
| 17/538എ | സമീറ | 71.88ചമീ പാർപ്പിടം | 5മീ | 431.28(71.88*6) | 86 (20% - 5മീ വഴി ) | 43 (10% -ദ്വിതീയ മേഖല) | 474 | 389 |

നികുതി കുറവായി ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/01.04.2022) പഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിക്കുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയർ ലഭ്യമാകാത്തതിനാൽ സോഫ്റ്റ് വെയർ ഓപ്പൺ ആകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

ഡി) വസ്തു നികുതി ഇളവ് നൽകിയതിനു ആധാരമായ രേഖകൾ ലഭ്യമായില്ല

സഞ്ചയ അസസ്മെന്റ് രേഖകൾ പ്രകാരം ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ നികുതി/ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം |
|---|---|---|
| 6/935 | ഇ.എം. ബഷീർ | 173.35 ചമീ |
| 15/303 | പി ദശരഥപണിക്കർ | 80 ചമീ |

നികുതിയിൽ നിന്നും ഒഴിവ് നൽകിയതിന് ആധാരമായ രേഖകൾ/ഉത്തരവുകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/01.04.2022) പഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിക്കുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്‌വെയർ ലഭ്യമാകാത്തതിനാൽ സോഫ്റ്റ് വെയർ ഓപ്പൺ ആകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കേണ്ടതും, അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-11 ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/31.03.2022 ന് ഗ്രാമപഞ്ചായത്ത് പരിസരത്ത് പ്രവർത്തിച്ചുവരുന്ന റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി, സ്ഥാപനനികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് റേഷൻ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 436 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 20 വാർഡുകളിലായി 3113 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപമുള്ളതും പ്രധാന ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഒട്ടനവധി സ്ഥാപനങ്ങളും ലൈസൻസ് എടുത്തിരുന്നില്ല എന്നു ബോധ്യപ്പെട്ടു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പെട്രോൾ പമ്പുകൾ (ബാലരാമപുരം ജം, റിലയൻസ്, തേമ്പാമൂട്ടം) |
| 2 | കഫേശ്രീ കുടുംബശ്രീ ഹോട്ടൽ |
| 3 | എസ്.പി.ആർ ഹോട്ടൽ |
| 4 | കൈരളി റ്റി.എം.റ്റി. സ്റ്റീൽ വ്യാപാരം |
| 5 | ശംഖുമുഖി ടെക്സ്റ്റൈൽസ് |
| 6 | മീനാസ് ബേക്കറി ആന്റ് റസ്റ്റാറന്റ് |
| 7 | പോപ്പുലർ നിധി ഫിനാൻസിയേഴ്സ് |
| 8 | രാജകുമാരി ടെക്സ്റ്റൈൽസ് (2എണ്ണം) |

| | |
|---|---|
| 9 | ഫെതർ പ്ലസ് ടെക്സ്റ്റൈൽസ് |
| 10 | കുഴിവിള ടെക്സ്റ്റൈൽസ് |
| 11 | കണ്ണൻ ഹാൻഡ് ലൂംസ് |
| 12 | കോട്ടക്കൽ ആര്യവൈദ്യശാല മെഡിക്കൽ സ്റ്റോർ (2 എണ്ണം) |
| 13 | സുപ്രിയ ഇലക്ട്രിക്കൽസ് |
| 14 | സിറ്റി റോയൽ ഹോസ്പിറ്റൽ |
| 15 | ഡി.എം.ആർ.സി. ലാബ് |
| 16 | ചിത്ര ടെക്സ്റ്റൈൽസ് |
| 17 | ബീന സ്റ്റോർസ്, ബാലരാമപുരം |
| 18 | ഹീര മെൻസ് വെയർ |
| 19 | ഹിബ മെൻസ് വെയർ |
| 20 | ജെന്യൂൻ സ്പെയേഴ്സ്, ബാലരാമപുരം |
| 21 | മൊബിസിറ്റി സെയിൽസ് & സർവീസ് |
| 22 | ഡെയ്ലി ഫ്രഷ് ദ മെൻസ് വെയർ |
| 23 | ഫെതർ പ്ലസ് ബ്യൂട്ടി പാർലർ |
| 24 | ജെ.സി. മെഡിക്കൽസ് |
| 25 | അഴകി മെഡിക്കൽസ് |
| 26 | മണവാട്ടി ടെക്സ്റ്റൈൽസ് |
| 27 | അയ്യപ്പാ ടെക്സ്റ്റൈൽസ് |
| 28 | ഫർണിഷിംഗ് അവന്യൂ |
| 29 | എബിഎസ് മാർട്ട് വഴിമുക്ക് |
| 30 | വെസ്റ്റേൺ വുഡ് ഇൻഡസ്ട്രീസ്, വഴിമുക്ക് |
| 31 | ഐശ്വര്യ ഫർണിഷിംഗ്സ് |
| 32 | സായ് ടിമ്പർ വുഡ് ഫർണിച്ചർസ് |
| 33 | തിരുവാതിര ഫർണിച്ചർസ് |
| 34 | സ്മാർട് അപ്ലയൻസസ് & ഫർണിച്ചർസ് |
| 35 | ശ്രീ ശബരീസ് മെയിൻ റോഡ് ബാലരാമപുരം |
| 36 | അഴകി ഇൻഡസ്ട്രീസ് |
| 37 | ബാറ്റാ ഷോറൂം |
| 38 | ഗുരു ടെക്സ്റ്റൈൽസ് |

ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/30.03.2022) ക്രമ നം. 3, 5, 8, 10, 11, 12, 15, 16, 19, 18, 20, 21, 22, 23, 24, 25, 27, 35, 38 പ്രകാരമുള്ള സ്ഥാപനങ്ങൾ കോവിഡ് 19 ആയതിനാൽ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം ആയതിനാൽ ലൈസൻസ് എടുത്തിരുന്നില്ല എന്നും 2021-22 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതാണ് എന്നും, കോവിഡ് മഹാമാരി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ മറ്റുള്ളവയ്ക്ക് ലൈസൻസ് എടുക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി പൂർണ്ണമായും അംഗീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തു പരിസരത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ചുരുക്കം സ്ഥാപനങ്ങളുടെ പേര് മാത്രമാണ് പട്ടികപെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന, ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും, ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ ഏതാനും സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടും അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തെയും) ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം |
|---|---|
| ഗ്രീൻ എനർജി സോളാർ സൊല്യൂഷൻസ് | 4 |
| കൈരളി എക്സ്പോർട്ട്സ് | 48 (ഒന്നാം അർദ്ധവർഷത്തിൽ 9ഉം, രണ്ടാം അർദ്ധവർഷത്തിൽ 8 ഉം ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്) |
| കെയർ ഓഫ് സ്വീഡൻ ഹെൽത്ത് കെയർ | 4 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/31.03.2022) കത്ത് നൽകി തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/31.03.2022 ന് ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 16 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ വരവ്-ചെലവ് രേഖകളും ഉൾപ്പെടുത്തി ഫോം TR-7A ൽ ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. എന്നാൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അപ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 29/01.04.2022) ലഭ്യമാക്കിയ മറുപടിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. സബ്സിഡിയറി ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചട്ടപ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## 1-16 വക്കീൽ ഫീസ് ഇനത്തിൽ നൽകിയ തുകയിൽ നിന്നും ടി ഡി എസ് ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2020-21 വർഷത്തിൽ ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| പേര് | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി | അനുവദിച്ച തുക |
|---|---|---|---|
| അഡ്വ. സി ജെ ജോയ് | 22000523/ 29.09.2020 | 468357/ 29.09.2020 | 71500/- |
| അഡ്വ. ശ്രീകുമാരൻ | 22000629/ 12.11.2020 | 488264/ 12.11.2020 | 37500/- |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ

അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08/30.03.2022) ടി ഡി എസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ആദായനികുതി റ്റി ഡി എസ് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-24 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ പറയുന്ന നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - സർക്കാർ നിർദേശത്തിന് വിരുദ്ധമായി സെന്റേജ് ചാർജ്ജ് നൽകി- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 1496700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ചുവടെ ചേർത്തിരിക്കും പ്രകാരം പദ്ധതികൾ നടപ്പാക്കി.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയതി | സെന്റേജ് ചാർജ്ജ് |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (349/21) | 800000/- | 800000/- | 51/31.3.2021 | 65453 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (258/21) | 718400 | 696700 | 26/8.1.2021 | 57101 |

1. മുകളിൽവിള കോറാത്തല റോഡ്, പരുത്തിമഠം, കരിംപ്ലാവിള ബിലീവേഴ്സ് ചർച്ച് റോഡ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ക്രമ നം 1 പ്രകാരം 800000/- രൂപയും, തലയൽ വാർഡിൽ വേലിക്കോട്ട്കോണം റോഡിൽ കുടിവെള്ള വിതരണത്തിന് ക്രമ നം 2 പ്രകാരം 696700/- രൂപയും, കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് നൽകിയിരിക്കുന്നത്. സ.ഉ.(സാധാ)നം./1069/2018/തസ്വഭവ, തീയതി 16.4.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ്ജ് ഈടാക്കേണ്ടതില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ 30.3.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം.2/22 ന് , സെന്റേജ് ചാർജ്ജ് നിർബന്ധമായും അടയ്ക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതായും പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പത്ത് ശതമാനം നിരക്കിൽ നൽകിയ സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ വയ്ക്കുന്നതിന് ഉടനെ നടപടികൾ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടതിൽ, ടെൻഡർ ക്ഷണിച്ചതായും ഉടൻ തന്നെ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്നും അറിയിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് തുക ഒടുക്കി ഒരു സാമ്പത്തിക വർഷം പിന്നിട്ടിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. കുടിവെള്ള ലഭ്യതയ്ക്കായുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനും ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്. ചെലവ് തുക പ്രവ്യത്തി പൂർത്തീകരണ കാലയളവ് തുടങ്ങിയവ സംബന്ധിച്ച കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെട്ട് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

3. പ്രവ്യത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-19 നഗരസഭാഫണ്ട് - ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഇടമനക്കുഴിയ്ക്ക് സമീപം തെക്കേക്കുളം റോഡിൽ ഓടക്കടിയിലുള്ള കേടുപാടുകൾ സംഭവിച്ച പൈപ്പ് മാറ്റുന്ന പ്രവ്യത്തി (359/21) |
| അടങ്കൽ തുക | 1500000/- |
| ചെലവ് തുക | 1120000/- (ചെലവ് പത്രിക പ്രകാരം 1500000/-) |
| ഫണ്ടിനം | തിരുവനന്തപുരം നഗരസഭയുടെ പദ്ധതി വിഹിതം |
| ബിൽ നം തീയതി | 47/24.3.2021 |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഇടമനക്കുഴിയ്ക്ക് സമീപം തെക്കേക്കുളം റോഡിൽ ഓടക്കടിയിലുള്ള കേടുപാടുകൾ സംഭവിച്ച പൈപ്പ് മാറ്റുന്നതിന് തിരുവനന്തപുരം നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും 1500000/- രൂപ അനുവദിച്ചത് 24.3.2021 ൽ ട്രഷറി ബിൽ പ്രകാരം മാറി ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ 22.2.2021 ലെ എസ്റ്റിമേറ്റ് പ്രകാരം 990000/- രൂപ പ്രവ്യത്തി നിർവ്വഹണത്തിനായി ഡെപ്പോസിറ്റ് ചെയ്തു. 30.3.2021 ൽ വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാറിൽ പ്രവ്യത്തിയുടെ കാലയളവ് ഉൾപ്പെടുത്തിയിട്ടില്ല. പൈപ്പിന്റെ വിലവർദ്ധനവിനെ തുടർന്ന് എസ്റ്റിമേറ്റ് 1120000/- രൂപയായി റിവൈസ് ചെയ്തതിനാൽ 2021-22 ൽ 130000/- വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

1. സ.ഉ.(പി)177/2006ധന തീയതി 12.04.2006 ഖണ്ഡിക 6 പ്രകാരം ചെലവുവരും എന്ന നിഗമനത്തിൽ മുൻകൂർ ആയി തുക പിൻവലിക്കാവുന്നതല്ലാത്തതാണ്. മേൽ പ്രവ്യത്തിയ്ക്ക് 990000/- രൂപയുടെ എസ്റ്റിമേറ്റ് 22.2.2021 ൽ ലഭ്യമായിട്ടും 1500000/- രൂപ പിൻവലിച്ച് തനതു അക്കൗണ്ടിൽ നിക്ഷേപിച്ചത് മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്.

2. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച 1500000/- രൂപയിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 1120000/- രൂപ കഴിഞ്ഞ് ശേഷിക്കുന്ന 380000/- രൂപ കോർപ്പറേഷന് തിരികെ നൽകാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് 30.3.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.06/22 ന് ബാക്കി തുക തിരികെ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

3. 2020-21 ൽ 990000/- രൂപ മാത്രമാണ് പ്രവ്യത്തി നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്. എന്നാൽ ചെലവ് പത്രികയിൽ 1500000/- രൂപ ചെലവായതായി കാണിച്ചിരിക്കുന്നു.

4. സ.ഉ.(സാധാ)നം./1069/2018/തസ്വഭവ, തീയതി 16.4.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ്ജ് ഈടാക്കേണ്ടതില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ പദ്ധതിയ്ക്ക് പത്ത് ശതമാനം സെന്റേജ് ചാർജ്ജ് ആയി 91145/- രൂപ ഉൾപ്പെടെയുള്ള തുകയാണ് കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിരിക്കുന്നത്.

ശേഷിക്കുന്ന തുക തിരുവനന്തപുരം നഗരസഭയിൽ ഒടുക്കേണ്ടതും വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിൽ അപാകതകൾ - 2065802/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തെരുവ് വിളക്ക് പരിപാലനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

തെരുവ് വിളക്ക് പരിപാലനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക | ചെലവ് തുക | ബിൽ നം. തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് (സാധനങ്ങൾ വാങ്ങൽ) (72/21) | 450000 | 448977 | 40/24.03.2021 | |
| 2 | തെരുവ് വിളക്ക് മെയിന്റനൻസ് ലേബർ ചാർജ്ജ് (73/21) | 450000 | 450000 | 43/24.3.2021 | |
| 3 | തെരുവ് വിളക്ക് പ്രകാശിപ്പിക്കൽ (91/21) | 450000 | 473849 | 45/24.3.2021 | |
| 4 | ചാമവിള വാർഡിൽ LED ലൈറ്റ് സ്ഥാപിക്കൽ(203/21) | 200000/- | 198000/- | 38/24.3.2021 | |
| 5 | പുള്ളിയിൽ വാർഡിൽ LED ലൈറ്റ് സ്ഥാപിക്കൽ (204/21) | 100000/- | 99000/- | 39/24.3,2021 | |
| 6 | ആഫീസ് വാർഡിൽ LED ലൈറ്റ് സ്ഥാപിക്കൽ (205/21) | 100000/- | 99000/- | 44/24.3.2021 | |
| 7 | തെരുവ് വിളക്ക് സ്ഥാപിക്കൽ (247/21) | 350000/- | 321202/- | 06/15.5.2020 | |
| 8 | തെരുവ് വിളക്ക് മെയിന്റനൻസ് (324/21) | 325980 | 325980 | 30/16.01.2021 | |
| 9 | ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് സ്ഥാപിക്കലും(325/21) | 107893 | 98771 | 19/14.10.2020 46973/- 34/5.3.2-21 51798/- | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | ആകെ | | 2514779 | | |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് പ്രകാശിപ്പിക്കുന്നതിന്റെ ഭാഗമായി LED ലൈറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും മേൽ പട്ടിക പ്രകാരം പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. ഒരു സ്പിൽ ഓവർ പദ്ധതി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും എവൺ ഏജൻസി എന്ന സ്ഥാപനമാണ് നിർവ്വഹിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക് മെയിന്റനൻസിന് ഒറ്റ പദ്ധതി നടപ്പാക്കാതെ അഞ്ച് ലക്ഷത്തിൽ താഴെ തുക വകയിരുത്തി എട്ട് പദ്ധതികൾ നടപ്പാക്കി.

സ്റ്റോർ പർച്ചെയ്സ് മാന്വൽ, 2013 (GO(P) No.03/2013 S.P.D, Dtd. 21.6.2013) ഖണ്ഡിക 6.1 പ്രകാരം മുൻ വർഷങ്ങളിലെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമുള്ള സാധനങ്ങളുടെ പട്ടിക തയ്യാറാക്കി വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ടെൻഡർ ക്ഷണിക്കേണ്ടതുമാണ്. മാത്രവുമല്ല തെരുവ് വിളക്കുകൾ കത്തിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ സാഹചര്യത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് അഞ്ച് ലക്ഷത്തിൽ താഴെ തുക വകയിരുത്തി എട്ട് പദ്ധതികൾ നടപ്പാക്കിയത് സ്റ്റോർ പർച്ചെയ്സ് മാന്വൽ, പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾ എന്നിവയ്ക്കെതിരാണ്.

2. മെയിന്റനൻസ് പ്രവൃത്തികൾക്ക് വൈദ്യുത ബോർഡ് അധികാരികളുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഇലക്ട്രിക് സെക്ഷനിലെ അസി. എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം 3055/D.A.3/2011/LSGD,

15.09.2011 ൽ നിർദേശിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ ക്രമ നം 1 ഒഴികെയുള്ള പദ്ധതികൾ നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുത ബോർഡ് അധികാരികളിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് 30.3.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.4 ന് വരും വർഷങ്ങളിൽ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് വാങ്ങുന്നതാണെന്ന് മറുപടി നൽകി. വൈദ്യുതി ബോർഡ് അധികാരികളുടെ അനുമതി ഇല്ലാതെ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കാൻ പാടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ 1967031/- രൂപയുടെ അറ്റകുറ്റപണികൾ നടപ്പാക്കിയതിന് വാർഡ് മെമ്പർമാർ നൽകിയ വൈദ്യുത പോസ്റ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കരാറുകാരന് തുക നൽകുന്ന രീതി അനുവദനീയമല്ലാത്തതാണ്. ആയതിനാൽ മേൽ പട്ടികയിലെ ക്രമ നം 1,9 എന്നിവ ഒഴികെ മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിച്ച 1967031/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ഇലക്ട്രിക് സാധനങ്ങളുടെ ഗുണമേൻമ സർട്ടിഫിക്കറ്റ് സർക്കാർ സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടില്ല

പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് തെരുവ് വിളക്ക് മെയിന്റനൻസിനായി മേൽ പദ്ധതികൾ പ്രകാരം ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായുള്ള ദർഘാസ് നിബന്ധനകൾ അനുസരിച്ച് ഇപ്രകാരം വാങ്ങിയ ഇലക്ട്രിക് സാധനങ്ങളുടെ ഗുണമേൻമ സർട്ടിഫിക്കറ്റ് സർക്കാർ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ ഗുണമേൻമ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കരാറുകാരനിൽ നിന്നുമാണ് ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. സാങ്കേതിക അനുമതി ആനിവാര്യമായ പദ്ധതി , പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രം നടപ്പാക്കിയത് അംഗീകരിക്കാവുന്നതല്ല. വരും വർഷങ്ങളിൽ ഗുണമേൻമ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച അന്വേഷണത്തിന് മറുപടി നൽകി.

4. തെരുവ് വിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്ററും, കേടായ സാധനങ്ങൾ തിരികെ ലഭ്യമാകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

മേൽ പട്ടികയിലെ ക്രമ നം. 9 പ്രകാരം നടപ്പാക്കിയ ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് സ്ഥാപിക്കലും എന്ന പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 98771/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 1947105/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | ഐ.കെ.എം വിഹിതം നൽകൽ (54/21) | 132605 | 132605 | 13/14.7.2020 |
| 2 | സമഗ്ര ശിക്ഷ കേരള | 1314500 | 1314500 | 14/14.7.2020 |
| 3 | തിരുവനന്തപുരം മെഡിക്കൽ കോളേജിന് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് ഗ്രാ.പ വിഹിതം നൽകൽ(89/21) | 500000/- | 500000/- | 41/24.3.2021<br>48/24.3.2021 |
| | ആകെ | 1947105 | 1947105 | |

മേൽ പദ്ധതികളുടെ ധനവിനിയോഗ രേഖ ആവശ്യപ്പെട്ട് 30.3.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.5/22 ന് മറുപടിയായി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 1947105/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ ഭരണസമിതി തിരഞ്ഞെടുത്തിരിക്കുന്നു. ഇപ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതിന്

നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് 30.3.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.3 ന് 2021 ഫെബ്രുവരിയിൽ നടന്ന് ഗ്രാമസഭയിൽ ലിസ്റ്റിന് അംഗീകാരം വാങ്ങി എന്നും ഏതെങ്കിലും ഗുണഭോക്താക്കളുടെ പേര് വിട്ടുപോയിട്ടുണ്ടെങ്കിൽ അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഓഡിറ്റിന് ഹാജരാക്കാതിരുന്ന 2,5,13,14,18 വാർഡുകളിലെ മിനിറ്റ്സ് ബുക്ക് ഒഴികെ മറ്റ് ഗ്രാമസഭകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് അംഗീകാരം രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. വ്യക്തിഗതാനുകൂല്യങ്ങൾ നൽകിയ പദ്ധതികൾ നടപ്പാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥർ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗനിർദേശം നൽകുന്നതിനായി നിയോ എനർജി എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്ത് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതി നടപ്പാക്കി.

| | |
|---|---|
| പദ്ധതിയുടെ പേര്, നം | ഹരിത സഹായ സ്ഥാപനം (332/21) |
| അടങ്കൽ | 290472/- സി എഫ് സി ഗ്രാന്റ് |
| ചെലവ് | 141201/- (ചെലവ് പത്രിക പ്രകാരം) |
| ബിൽ നമ്പർ തീയതി | ലഭ്യമല്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനവും മാർഗ്ഗ നിർദേശവും നൽകുന്നതിനായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. ഒക്ടോബർ മാസം മുതൽ നൽകിയ പരിശീലന പരിപാടികൾക്കും ഹരിതസേന അംഗങ്ങളോടൊപ്പം മാലിന്യശേഖരണത്തിന് വിവിധ വാർഡുകൾ സന്ദർശിച്ചതുമായ പ്രവർത്തനങ്ങൾക്കും കൺസൾട്ടൻസി ഫീസായിട്ടാണ് തുക നൽകിയിരിക്കുന്നത്. നിയോ എനർജി എന്ന സ്ഥാപനവുമായി 5.10.2020ൽ ഏർപ്പെട്ട കരാറിൽ ഖണ്ഡിക 4.1 മുതൽ 4.17 വരെ നിഷ്കർശിച്ചിരിക്കുന്ന നിർദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ സമഗ്ര മാലിന്യ സംസ്കരണ വിശദാംശ രേഖ തയ്യാറാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നെങ്കിലും അപ്രകാരമൊരു റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല (31.3.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.10/22). ഹരിതകർമ്മ സേനാംഗങ്ങൾക്ക് നിലവിലും പരിശീലനം തുടർന്ന് വരുന്നതായി അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഓരോ വാർഡിലും രണ്ട് ഹരിതകർമ്മ സേനാംഗങ്ങൾ വീതം ഇരുപത് വാർഡിലുമായി നാൽപത് അംഗങ്ങളും നാല് വാർഡുകൾക്ക് ഒരു സൂപ്പർവൈസർ എന്ന നിലയിലുമാണ് പ്രവർത്തിച്ച് വരുന്നത്. ഒരു മാസം അംഗങ്ങൾ പിരിച്ചെടുക്കുന്ന യൂസർ ഫീ, തൊട്ടടുത്ത മാസത്തിലാണ് ബാങ്ക് അക്കൗണ്ടിൽ ഒടുക്കിവരുന്നത്. ആയതിന് ഹരിതകർമസേന പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ സംയുക്ത അക്കൗണ്ട് പരിപാലിക്കുന്നു. വരവ് ചെലവ് വിവരങ്ങൾ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുകയോ ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നില്ല. ഈ അപാകതകൾ പരിഹരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഹരിതകർമ്മ സേനാഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് കൺസൾട്ടസി സേവനങ്ങൾ തുടർന്നും ആവശ്യമാണോ എന്നത് സംബന്ധിച്ച് ഭരണസമിതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 സുഭിക്ഷകേരളം പദ്ധതി - കാർഷിക മേഖലയിൽ ലക്ഷ്യം കൈവരിക്കാനായില്ല

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ചുവടെ ചേർത്തിരിക്കും പ്രകാരം പദ്ധതികൾ നടപ്പാക്കുന്നതിന് അംഗീകാരം ലഭ്യമായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര്, നം | അടങ്കൽ | ചെലവ് | ബിൽ നം തീയതി |
|---|---|---|---|---|
| 1 | സുഭിക്ഷകേരളം ഇടവിള കൃഷി വികസനം (308/21) | 390000/- | 9360/- | 21/31.3.2021 |
| 2 | സുഭിക്ഷകേരളം പച്ചക്കറി കൃഷി വികസനം (309/21) | 80000/- | 17020/- | 23/31.3.2021 |

| | | | | |
|---|---|---|---|---|
| 3 | സുഭിക്ഷകേരളം വാഴ കൃഷി വികസനം (310/21) | 280000/- | 13912/- | 25/3.3.2021 |
| 4 | സുഭിക്ഷകേരളം ഫലവൃക്ഷതൈ പച്ചക്കറി തൈ വിതരണം (311/21) | 151600/- | 26787/- | 10/15.3.2021 |
| 5 | കുടുംബശ്രീ യൂണിറ്റുകൾക്ക് തരിശു ഭൂമിയിൽ പാട്ട ഭൂമിയിൽ ജൈവ പച്ചക്കറി കൃഷി (80/21) | 215826/- | 10500/- | 24/31.3.2021 |

മേൽ പട്ടികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ചതിൽ വളരെ കുറച്ച് തുക മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് സാധ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 35/2.4.2022 ന് മറുപടി ലഭ്യമാക്കിയില്ല.

MNREGS പദ്ധതി പ്രകാരം ഭൂവികസനം, തരിശു ഭൂമി കൃഷി യോഗ്യമാക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് രണ്ട് കോടിയിലധികം തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം നടപ്പാക്കിയ പദ്ധതികൾ കാർഷിക ഉൽപാദനത്തിന് സാധ്യമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിനും മറുപടി ലഭ്യമാക്കിയില്ല.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണ തോതിൽ നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം ഭരണസമിതി പരിശോധിക്കേണ്ടതും ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന ഭൂവികസന പ്രവർത്തനങ്ങൾ കാർഷിക മേഖലയുമായി സംയോജിപ്പിച്ച് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-25 പാഥേയം പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1595520/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പദ്ധതിയുടെ പേരും നമ്പരും | പാഥേയം (ജനറൽ) (67/21) | പാഥേയം (എസ്.സി.പി) (82/21) | പാഥേയം (ജനറൽ) (SO) (228/21) | പാഥേയം (എസ്.സി.പി) (SO) (232/21) |
|---|---|---|---|---|
| അടങ്കൽ തുക | 616320 | 403200 | 230400 | 345600 |
| ചെലവ് തുക | 616320 | 403200 | 230400 | 345600 |
| ഫണ്ടിനം | Dev Fund | SCP | Dev Fund | SCP |
| ബിൽ നം തീയതി | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതികളുടെ നടത്തിപ്പിന് ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1595520/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ബഡ്സ് സ്കൂൾ ടീച്ചർ ഹെൽപ്പർ ഓണറേറിയം ചെലവ് രേഖകൾ ഹാജരാക്കിയില്ല - 115500/- രൂപ തടസ്സപ്പെടുത്തുന്നു

| പദ്ധതിയുടെ പേരും നമ്പരും | ബഡ്സ് സ്കൂൾ ടീച്ചർ ഹെൽപ്പർ ഓണറേറിയം (62/21) |
|---|---|

| | |
|---|---|
| അടങ്കൽ തുക | 693000 |
| ചെലവ് തുക | 692997 |
| ഫണ്ടിനം | 478750 – വികസന ഫണ്ട്, 214247 തനത് ഫണ്ട് |
| ബിൽ നം തീയതി | ബിൽ ബുക്ക് ഹാജരാക്കിയില്ല |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ചെലവ് പത്രിക പ്രകാരം 692997/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. എന്നാൽ 577497/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത് . ചെലവ് രേഖകൾ ആവശ്യപ്പെട്ട് കൊണ്ടുള്ള 31.3.2020 ലെ ഓഡിറ്റ് അന്വേഷണം 10/22 ന് മറുപടി ലഭ്യമാക്കിയില്ല. 115500/- രൂപയുടെ ചെലവ് രേഖകളും ബിൽ ബുക്കും ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 1-27 റെമഡിയൽ വിദ്യാഭ്യാസം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 25000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പറും | റെമഡിയൽ വിദ്യാഭ്യാസം (215/21) |
| അടങ്കൽ തുക | 25000 |
| ചെലവ് തുക | 25000 |
| ഫണ്ടിനം | 25000 തനത് ഫണ്ട് |
| ചെക്ക് നം തീയതി | 567204/15.3.2021 |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേയും അക്ഷരബോധം, സംഖ്യാബോധം ഇല്ലാത്ത കുട്ടികളെ പരിശീലിപ്പിക്കുക, ഓണക്കാലത്ത് ഇങ്ങനെ തിരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി അക്ഷര മഹോൽസവം, കളിക്കൂട്ടം സംഘടിപ്പിക്കുക എന്നിവയായിരുന്നു പദ്ധതി ലക്ഷ്യം. കോവിഡ് കാലത്ത് ഈ പദ്ധതി എങ്ങനെ നടപ്പാക്കി എന്നതിന് യതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ശ്രീമതി. സുമ എന്ന വ്യക്തിയ്ക്ക് തനത് ഫണ്ടിൽ നിന്നും 25000/-രൂപ നൽകിയിരിക്കുന്നു. ചെലവ് വിവരങ്ങൾ ആവശ്യപ്പെട്ട് 31.3.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.12/22 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 25000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

| പദ്ധതിയുടെ പേരും നമ്പരും | പ്രൈമറി സ്കൂൾ കുട്ടികൾക്ക് റേഡിയോ ക്ലബ്ബ് സ്ഥാപിക്കൽ (10/21) | സർക്കാർ സ്കൂളിൽ ഹൈടെക് ക്ലാസ്സ് റൂം സജ്ജമാക്കുക (12/21) |
|---|---|---|
| അടങ്കൽ തുക | 29000/- | 250000/- |
| ചെലവ് തുക | 28800/- | 238308/- |
| ഫണ്ടിനം | വികസന ഫണ്ട് | തനത് ഫണ്ട് |
| ബിൽ /ചെക്ക് നം തീയതി | 6/17.3.2021 | 488685/15.2.2021 |

ഹെഡ്മാസ്റ്റർ നടപ്പാക്കിയ മേൽ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-29 മരുന്നുകളുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല 499832/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി വെറ്റിനറി സർജൻ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കി.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക | ചെലവ് തുക | ബിൽനം തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ(44/21) | 250000/- | 249832/- | 12/29.3.2021 (201568/-) 23/ 29.3.2021 (48264/-) | |
| 2 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (223/21) | 250000/- | 250000/- | 4/6.5.2020 | |

രണ്ട് പദ്ധതികൾ പ്രകാരവും വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണ വിവരങ്ങളും ലഭ്യമാക്കുന്നതിന് 02.4.2022 തീയതിയിൽ ഓഡിറ്റ് അന്വേഷണം നം.32/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 499832/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗ രേഖ ലഭ്യമല്ല 375000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും ( 224/21) - പദ്ധതിയ്ക്കായി 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിന് വെറ്റിനറി സർജൻ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് ബിൽനം 5/13.5.2020 പ്രകാരം 375000/-രൂപ നൽകി. പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റും ആനുകൂല്യം ലഭ്യമായവരുടെ വിവരങ്ങളും തുകയുടെ വിനിയോഗരേഖയും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് 02.4.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.32/22 ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 375000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ലക്ഷം വീട് വാസയോഗ്യമാക്കൽ- 8 വർഷം കാലപ്പഴക്കമില്ലാത്ത വീടുകൾക്കും ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ - 61/21

പ്രോജക്ടിന്റെ പേര്- ലക്ഷം വീട് വാസയോഗ്യമാക്കൽ (ന്യൂ ലൈഫ്) സംയുക്തം

അടങ്കൽ - 2600000/-

ചെലവ്- 2520000/-

(1040000- പൊതുവിഭാഗം സാധാരണ വിഹിതം

520000- ബ്ലോക്ക് പഞ്ചായത്ത്

960000- ജില്ലാ പഞ്ചായത്ത്)

ബിൽ നം. / തീയതി-

1) 11/03.08.2020, 720000/-

2) 12/ 17.09.2020, 240000/-

3) 18/ 19.01.2021, 480000/-

4) 20/ 12.01.2021, 80000/-

5) 21/ 29.01.2021, 960000/-

6) 22/ 15.03.2021, 40000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -എ

8 വർഷം പഴക്കമുള്ള സ്വന്തമായി വീടുള്ള കുടുംബങ്ങൾക്ക് 200000/- രൂപ വീതം ധനസഹായം നൽകുന്നതിന് ആണ് പ്രോജക്ട് രൂപീകരിച്ചത്. 14.02.2018-ലെ സ.ഉ (കൈ) നം.22/2018/തസ്വഭവ നമ്പർ മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് എട്ട് വർഷം കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, 8 വർഷത്തിന് താഴെ പഴക്കമുള്ള വീടുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | സെക്രട്ടറി നൽകിയ സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം | നൽകിയ തുക | ബിൽ നം. / തീയതി |
|---|---|---|---|---|
| 1 | ലളിത എൽ, പാറക്കുഴി ലക്ഷം വീട്, റസ്സൽപുരം | 6 | 120000/- | 22/ 15.03.2021, 40000/-<br>20/ 12.01.2021, 80000/- |
| 2 | വസന്ത ആർ, സരിതാഭവൻ, പാറക്കുഴി സെറ്റിൽമെന്റ് കോളനി, റസ്സൽപുരം | 7 | 200000/- | 11/03.08.2020, 60000/-<br>18/ 19.01.2021, 40000/-<br>21/ 29.01.2021, 80000/-<br>12/ 17.09.2020, 20000/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/01.04.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വീടുകൾക്ക് 8 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടെന്നും എന്നാൽ, കെട്ടിടനികുതി ഒഴിവാക്കുന്നതിനായി പലരും വീട്ടുനമ്പറുകൾ ഇടാറില്ലായെന്നും അറിയിച്ചു. കൂടാതെ, അർബൺ അഫയേഴ്സ് വകുപ്പിന്റെ സൂപ്പർവൈസർ രണ്ട് പേരുടേയും വീടുകൾക്ക് 3,60,000/- രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചു. കെട്ടിടനികുതി ഒഴിവാക്കുന്നതിനായി വീട്ടുനമ്പറുകൾ ഇടാറില്ലായെന്ന പ്രസ്താവന അംഗീകരിക്കാവുന്നതല്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ചെലവ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവനപദ്ധതി- സമയബന്ധിതമായി പണി പൂർത്തിയാക്കുന്നില്ല

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ലൈഫ് രജിസ്റ്റർ പ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രേജക്ട് നമ്പർ | പേര് | കരാറിൽ ഏർപ്പെട്ട തീയതി | നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 363/2020 | ജയകുമാർ റ്റി | കരാറിൽ വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല | 40000/- | 19/20-21<br>31/.03.2021 |
| 2 | 362/2020 | സജിതാബീവി | കരാറിൽ വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല | 40000/- | State Share (942600)<br>12.03.2021 |
| 3 | ലൈഫ് രജിസ്റ്റർ പ്രകാരം<br>(161) | ശശിധരൻ & ശശികല<br>കുഴിച്ചാണി വീട്, അന്തിയൂർ | - | 40000/- | - |
| 4 | ലൈഫ് രജിസ്റ്റർ പ്രകാരം (13) | സന്ദീപ് & തങ്കപ്പൻ നായർ<br>എതിക്കരവീട്, തേമ്പാമൂട്ടം | | 40000/- | |
| 5 | ലൈഫ് രജിസ്റ്റർ പ്രകാരം (199) | നബീസത്ത് ബീവി | | 40000/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/01.04.2022) മറുപടിയിൽ ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

- ക്രമ നമ്പർ 1 – ജയകുമാർ റ്റി, കരാർ എഴുതി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ വാനം വെട്ടുന്നതിനായി സ്ഥലം ഒരുക്കിയിട്ടുണ്ടെന്നും അറിയിച്ചു
- ക്രമ നമ്പർ 2 –സജിതാബീവി, കരാർ എഴുതി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ ബേസ്മെന്റ് പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.
- ക്രമ നമ്പർ 3 - ശശിധരൻ & ശശികല, കുഴിച്ചാണി വീട്, അന്തിയൂർ, നിലവിൽ ലിന്റൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ടിയാന് 07.06.2021-ന് ഭവനം അടിയന്തിരമായി പൂർത്തീകരിക്കാത്തപക്ഷം ജപ്തി നടപടികൾ നേരിടേണ്ടി വരുമെന്ന് കാണിച്ച് നോട്ടീസ് നൽകിയതായും അറിയിച്ചു.
- ക്രമ നമ്പർ 4 - സന്ദീപ് & തങ്കപ്പൻ നായർ, എതിക്കരവീട്, തേമ്പാമുട്ടം, മാതാവിന്റെ മരണശേഷം മാനസികമായി അസ്വസ്ഥനാണെന്നും, 07.06.2021-ന് ഭവനം അടിയന്തിരമായി പൂർത്തീകരിക്കാത്തപക്ഷം ജപ്തി നടപടികൾ നേരിടേണ്ടി വരുമെന്ന് കാണിച്ച് നോട്ടീസ് നൽകിയതായും, ആയത് ഗ്രാമപഞ്ചായത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.
- ക്രമ നമ്പർ 5 – നിലവിൽ മേൽക്കൂര വാർത്തതായി അറിയിച്ചു.

ഗുണഭോക്താക്കൾ സ്വന്തം നിലയിൽ പണി ചെയ്യുന്നതിനാൽ, ഭവനനിർമ്മാണത്തിന് സമയക്ലിപ്തത പാലിക്കപ്പെടുന്നതിന് ബുദ്ധിമുട്ടുകൾ നേരിടാറുണ്ടെന്നും, വ്യക്തിഗത കാരണങ്ങൾ മൂലവും, കുടുംബ-ബന്ധു വിഷയങ്ങൾ കാരണവും നിശ്ചിത സമയത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാറില്ലായെന്നും മറുപടി ലഭ്യമാക്കി.

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും അനിവാര്യമാണ്. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണ പൂർത്തീകരണരേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-33 റെയിൽവേ ലൈനിന് 30 മീറ്ററിനുള്ളിൽ വരുന്ന സ്ഥലത്ത് റെയിൽവേയുടെ എൻഒസി ഇല്ലാതെ വീട് അനുവദിച്ചു

25.01.2022-ലെ പഞ്ചായത്ത് ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 4 പ്രകാരം ബാലരാമപുരം തലയൽ ആമച്ചൽമേലെ പുത്തൻ വീട്ടിൽ ശ്രീമതി.സി ഗോമതി സമർപ്പിച്ച അപേക്ഷ കമ്മിറ്റി പരിശോധിച്ച് നിലവിലുണ്ടായിരുന്ന വീട് (5/398) വാസയോഗ്യമല്ലാതായതിനെ തുടർന്ന് ലൈഫ് ഭവന പദ്ധതി പ്രകാരം പുതിയ വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചു. എന്നാൽ റെയിൽവേ ലൈനിന് 30 മീറ്ററിനുള്ളിൽ വരുന്നതിനാൽ ലൈഫ് പദ്ധതി പ്രകാരമുള്ള വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും ആയത് അടിയന്തിരമായി അനുവദിക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്. 30 മീറ്ററിനുള്ളിൽ വരുന്നതിനാൽ റെയിൽവേയുടെ എൻ.ഒ.സി ആവശ്യമാണെന്ന് സെക്രട്ടറി അറിയിച്ചു. വാസയോഗ്യമല്ലാതെയിരുന്ന വീട് പൊളിച്ചു നീക്കിയിട്ടുള്ളതിനാൽ ലൈഫ് പദ്ധതി പ്രകാരമുള്ള വീട് അടിയന്തിരമായി നിർമ്മിച്ച് പൂർത്തിയാക്കിയാൽ മാത്രമേ പ്രസ്തുത വ്യക്തിയ്ക്ക് അന്തിയുറങ്ങാൻ കഴിയുള്ളൂവെന്നും ഇപ്പോൾ താമസത്തിന് അയൽവീടുകളെയാണ് ആശ്രയിക്കുന്നതെന്നും ആയതിനാൽ പെർമിറ്റ് അടിയന്തിരമായി നൽകണമെന്നും വാർഡ് മെമ്പർ അറിയിച്ചു. റെയിൽവേ എൻ.ഒ.സി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നും റെയിൽവേ ഡിവിഷൻ ആഫീസുമായി ബന്ധപ്പെട്ട് എൻ.ഒ.സി വാങ്ങുന്നതിന് നിരാംലബയായ ശ്രീമതി ഗോമതിക്ക് കഴിയില്ലായെന്നും ബോദ്ധ്യപ്പെട്ടതിനാൽ ശ്രീമതി ഗോമതിക്ക് ലൈഫ് പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് റെയിൽവേ എൻ.ഒ.സി ഒഴിവാക്കി അനുമതി നൽകി തീരുമാനിച്ചു.

മേൽ തീരുമാനം പ്രകാരം ശ്രീമതി ഗോമതിയ്ക്ക് ആദ്യ ഗഡുവായി 40,000/- രൂപയും, രണ്ടാം ഗഡുവായി 160000/- (9857+150143) രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 29/01.04.2022) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് വീട് അനുവദിച്ചതെന്ന് അറിയിച്ചു. റെയിൽവെ എൻ ഒ സി ഇല്ലാതെ പെർമിറ്റ് അനുവദിച്ചത് കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾക്ക് എതിരാണ്. പ്രസ്തുത സ്ഥലം റെയിൽവെ വികസനത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഉൾപ്പെട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-34 ജനറേറ്റർ സ്ഥാപിച്ചതിലെ അപാകതകൾ-37500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോ.നം. 318/21 കുടുംബാരോഗ്യ കേന്ദ്രത്തിൽ ജനറേറ്റർ സ്ഥാപിക്കൽ

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 1000000

ചെലവ് തുക - 948421

ബിൽ നം./തീയതി - 35/12.03.2021

നിർവഹണാധികാരി- മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

ബാലരാമപുരം കുടുംബാരോഗ്യകേന്ദ്രത്തിന് ജനറേറ്റർ ലഭ്യമാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച്, 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ ആയി നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2019-20 ൽ ആവിഷ്കരിച്ച പദ്ധതിക്കായി ഇ ടെണ്ടർ ക്ഷണിച്ചപ്പോൾ BOQ തെറ്റായി രേഖപ്പെടുത്തിയതായും, 'Corrigendum' ജനറേറ്റ് ചെയ്ത് BOQ തിരുത്തി ഇ ടെണ്ടർ പ്രസിദ്ധപ്പെടുത്തിയപ്പോൾ ആദ്യ ടെണ്ടർ ക്യാൻസൽ ചെയ്യാത്ത ടെക്നിക്കൽ ഇറർ കാരണം രണ്ട് ടെണ്ടറുകൾ ക്ഷണിക്കാനിടയായതായും, രണ്ട് പ്രാവശ്യവും രണ്ട് ടെണ്ടറുകൾ വീതം ലഭിച്ചതായും, രണ്ടാമത്തെ ടെണ്ടറുകളാണ് പരിഗണിക്കേണ്ടത് എന്നതിനാൽ ടെണ്ടറർമാർ ആക്ഷേപം ഉന്നയിച്ചേക്കാം എന്നും, കൂടുതൽ സ്ഥാപനങ്ങൾ കുറഞ്ഞ ടെണ്ടറുകൾ സമർപ്പിക്കുവാൻ സാധ്യതയുള്ളതിനാലും റീടെണ്ടർ ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർ സമർപ്പിച്ച അപേക്ഷ 15.02.2020 ലെ ഭരണസമിതി യോഗം 1(2) തീരുമാനത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്. 2020-21 ൽ പദ്ധതിക്ക് സ്പിൽ ഓവർ അംഗീകാരം നേടി റീടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരം റീടെണ്ടർ ക്ഷണിച്ചതിനുള്ള രേഖകൾ ടെണ്ടർ പരസ്യം, പത്രപരസ്യം തുടങ്ങിയവ ലഭ്യമായില്ല. ഇടെണ്ടർ വെബ് സൈറ്റിലെ വിവരം പ്രകാരം 04.03.2020 ലാണ് ടെണ്ടർ നോട്ടീസ് പബ്ലിഷ് ചെയ്തിട്ടുള്ളത്. ബിഡ് സമർപ്പിക്കുവാനുള്ള കാലയളവ് 04.03.2020 മുതൽ 12.03.2020 വരെയും. സ.ഉ.(പി)നം.3/13/എസ്.പി.ഡി.തീയതി 21.06.2013 ഖണ്ഡിക7.33.ix പ്രകാരം ടെണ്ടറുകൾസമർപ്പിക്കുന്നതിനു ചുരുങ്ങിയത് 15 ദിവസം സമയം അനുവദിക്കേണ്ടിയിരുന്നു. എന്നാൽ പദ്ധതിയിൽ ടെണ്ടർ സമർപ്പിക്കുന്നതിനു നിശ്ചിതസമയം നൽകിയിട്ടില്ല

2) മേൽ പ്രകാരമുള്ള റീടെണ്ടറിന് സിഡ്കോ മാത്രം ബിഡ് സമർപ്പിച്ചതായും റീ ടെണ്ടർ ആയതിനാൽ സിഡ്കോ യുടെ ബിഡ് അംഗീകരിച്ചു നൽകണമെന്ന് മെഡിക്കൽ ഓഫീസർ 29.09.2020 ൽ നൽകിയ കത്തിൽ ഭരണസമിതി തീരുമാനം നം. 2(8) 01.10.2020 ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സിഡ്കോ യ്ക്ക് വർക്ക് ഓർഡർ നൽകി. സാങ്കേതികം/ഇലക്ട്രിക്കൽ സ്വഭാവമുള്ള പ്രവൃത്തി ചെയ്യുന്നതിന് ഈ സ്ഥാപനത്തിനുള്ള ലൈസൻസ് രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതിക്കായി സിഡ്കോ വുഡ് വർക്കിംഗ് യൂണിറ്റ് എന്ന സ്ഥാപനമാണ് മെഡിക്കൽ ഓഫീസറുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. കരാറിൽ തീയതി, മറ്റ് പൂർണ്ണമായ വിശദാംശങ്ങൾ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ ഒപ്പു വച്ചിട്ടില്ല. കരാർ സ്ഥാപിക്കുന്നതിനു മുൻപായി സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. ഉപകരണത്തിന്റെ വാറന്റി, എ.എം.സി. വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) പ്രവൃത്തിക്കായി തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ 22 ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. മേൽ ഇനങ്ങൾക്കായി 'ലംസം' ഉൾപ്പെടെയുള്ള ആകെ തുക 961538.40 രൂപയും, ഇതിന്മേൽ 3%, 1% നിരക്കുകളിൽ എസ്റ്റിമേറ്റ്, സൂപ്പർവിഷൻ, മെഷറിംഗ് (28846.152) എന്നിവയ്ക്കും, ചെക്ക് മെഷറിംഗിനും (9615.384) തുക അനുവദിച്ച് 10 ലക്ഷം രൂപയുടെ അടങ്കൽ ആണ് പദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ ടി നിരക്കുകൾ ഇലക്ട്രിക്കൽ പ്രവൃത്തിക്കായി ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുന്ന സന്ദർഭങ്ങളിലാണ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിന് ഈ വിഭാഗം ജീവനക്കാർ ഇല്ലാത്തതിനാലാണ് ഇതിനു അനുമതി നൽകിയിട്ടുള്ളത്(സ.ഉ.(സാധാ)നം.2878 /2015/തസ്വഭവതീയതി22.09.2015). എന്നാൽ ഒരു ഏജൻസി പ്രവൃത്തി ഏറ്റെടുത്ത് നടത്തുമ്പോൾ ഇപ്രകാരം ചെലവു ചെയ്യുന്നതിന് അനുമതി ലഭ്യമല്ല. പ്രവൃത്തി പൂർത്തിയായപ്പോൾ ബിൽ തയ്യാറാക്കുകയോ, മെഷർമെന്റുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ സിഡ്കോ ക്വാട്ട് ചെയ്തതു പ്രകാരം അനുവദിച്ച ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ചെലവ് അനുവദനീയമല്ല.

Charge For Estimate, Supervision And Measuring @3% - 28000/-

Charge For Check Measuring @1% - 9500/-......

ആകെ - 37500/-

5) സിഡ്കോ 948421/- രൂപയുടെ ബിൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ(ടാക്സ് ഇൻവോയ്സ് നം. 160/2020-21 തീയതി 03.02.2021), സ്ഥാപനത്തിന് ബിൽ നം.35/12.03.2021 ലൂടെ പ്രസ്തുത തുക അനുവദിച്ചു. സ്ഥാപനം ഇൻസ്റ്റാൾ ചെയ്ത ഉപകരണത്തിന്റെ സാങ്കേതികക്ഷമത, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സാക്ഷ്യപത്രം തുടങ്ങിയവയൊന്നും ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപ്പെടുത്തുകയോ ബിൽ അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടുന്ന ആദായനികുതി, ജി.എസ്.ടി. റ്റി.ഡി.എസ്. എന്നിവ കുറവുചെയ്തില്ല.

6) ഉപകരണം ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതു സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായില്ല. ജനറേറ്ററിന്റെ ലോഗ് ബുക്ക്, ഇന്ധന രജിസ്റ്റർ തുടങ്ങിയ രേഖകളും പരിശോധനയ്ക്കു ലഭ്യമായില്ല.

സാങ്കേതിക സ്വഭാവമുള്ള പ്രവൃത്തി പ്രസ്തുത വിഭാഗം ജീവനക്കാരിലൂടെ നിർവഹിക്കാത്തതിനുള്ള കാരണവും വ്യക്തമല്ല. അപാകത സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/02.04.2022) സെക്രട്ടറിയോ,

നിർവഹണോദ്യോഗസ്ഥനോ മറുപടി ലഭ്യമാക്കിയില്ല. രേഖകൾ / മറുപടിയുടെ അഭാവത്തിൽ സർക്കാർ നിർദ്ദശങ്ങൾക്ക വിരുദ്ധമായി ചെലവു ചെയ്ത 37500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക സിഡ്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതും, ബന്ധപ്പെട്ട ഹെഡിൽ ഒടുക്കേണ്ടതുമാണ്. പദ്ധതി നിർവഹണത്തിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ഉപകരണം സ്ഥാപിച്ച പ്രവർത്തന ക്ഷമമാക്കിയതു സംബന്ധിച്ച ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള സാക്ഷ്യപത്രം, പദ്ധതിയുടെ നിർവഹണം, ഉപകരണം സ്ഥാപിച്ച പ്രവർത്തന സജ്ജമാക്കിയതും സംബന്ധിച്ച് ഊർജ്ജം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കേണ്ടതുമാണ്. (ഭാഗം-3, ഖണ്ഡിക-1 കാണുക)

## 1-35 പദ്ധതി തുക ഉപയോഗിച്ച് ശമ്പളംഅനുവദിച്ചു- സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 16/21 ശുചിത്വ സേനാംഗങ്ങളെ ഉൾപ്പെടുത്തി എഫ് .എച്ച്.സി. പരിപാലനവും പ്രവർത്തനം മെച്ചപ്പെടുത്തലും

ഫണ്ടിനം - വികസനഫണ്ട് പൊതുവിഭാഗം

അടങ്കൽ തുക - 255000

ചെലവ് തുക - 255000

| ബിൽ നം./തീയതി | തുക |
|---|---|
| 11/22.09.2020 | 140500 |
| 18/10.11.2020 | 61800 |
| 22/17.12.2020 | 27300 |
| 25/15.01.2021 | 25400 |

പദ്ധതി പ്രകാരം ദിവസം 4 ശുചിത്വ സേനാംഗങ്ങളെ കുടുംബാരോഗ്യ കേന്ദ്രത്തിൽ റൊട്ടേഷൻ അനുസരിച്ച് ശുചീകരണം, ഒ.പി. (2), ഇ ഹെൽത്ത് വിഭാഗങ്ങളിലേക്ക് നിയമിച്ച്, വേതനം അനുവദിക്കുന്നതിനാണ് അംഗീകാരം നേടിയിരുന്നത്. സ.ഉ. (കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഓണറേറിയമോ അനുവദിക്കുന്നതിന് സർക്കാർ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

മേൽ പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ആനുകൂല്യം അനുവദിക്കുന്നതിനു പര്യാപ്തമായ സർക്കാർ ഉത്തരവുകൾ/നിർദ്ദേശം ലഭ്യമായതിനുള്ള രേഖകൾ നിർവഹണാധികാരി ലഭ്യമാക്കിയില്ല. ശുചീകരണം, ഒ.പി. (2), ഇ ഹെൽത്ത് വിഭാഗങ്ങളിലേക്ക് ശുചിത്വ സേനാംഗങ്ങളെ നിയോഗിക്കുവാനാണ് പദ്ധതി പ്രകാരം അംഗീകാരം നേടിയിരുന്നത്. എന്നാൽ പദ്ധതി പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്കും വേതനം അനുവദിച്ചു. അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/02.04.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി നടത്തിയ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി. സർക്കാരിന് നഷ്ടം -311200/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷണർ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | കമലം പി | 102760202731 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.12.2019 | സസ്പെൻഡ് | 1/20-9/20 | 11500 |
| 2 | പീരുമുഹമ്മദ്.എം | 102760201776 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.01.2020 | സസ്പെൻഡ് | 2/20-11/20 | 14300 |
| 3 | സേതുഅമ്മ | 102950100637 | കർഷക തൊഴിലാളി പെൻഷൻ | 21.01.2020 | സസ്പെൻഡ് | 2/20-12/20 | 14500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | അബ്ദുൾ കരീം എ | 102760203741 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.01.2020 | സസ്പെൻഡ് | 2/20-4/20 | 3700 |
| 5 | ജി.ജനോബ | 102760601067 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 23.02.2020 | സസ്പെൻഡ് | 3/20-11/20 | 11900 |
| 6 | സൽമാബീവി.എം | 102760600849 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.02.2020 | സസ്പെൻഡ് | 3/20-4/20 | 2500 |
| 7 | ആർ.രാജരത്നം | 102760200071 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09.03.2020 | സസ്പെൻഡ് | 4/20-11/20 | 4800 |
| 8 | ശാന്തിനി ഡി | 102770205311 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.03.2020 | സസ്പെൻഡ് | 4/20-4/21 | 18200 |
| 9 | അപ്പുകുട്ടൻ | 102760201284 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.03.2020 | സസ്പെൻഡ് | 4/20-11/20 | 12000 |
| 10 | സുകുമാരി.ജെ | 102760202482 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.04.2020 | സസ്പെൻഡ് | 5/20-11/20 | 9400 |
| 11 | അബ്ദുൾ അസീസ് എം | 102760203584 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 25.04.2020 | സസ്പെൻഡ് | 5/20-11/20 | 9400 |
| 12 | പങ്കജാക്ഷി | 102760201186 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.04.2020 | സസ്പെൻഡ് | 5/20-11/20 | 10500 |
| 13 | ചെല്ലമ്മ - | 102760100613 | കർഷക തൊഴിലാളി പെൻഷൻ | 18.05.2020 | സസ്പെൻഡ് | 6/20-11/20 | 8100 |
| 14 | ഓമന | 102760600815 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 22.05.2020 | സസ്പെൻഡ് | 6/20-11/20 | 8100 |
| 15 | അന്നമ്മ.എ | 102760203139 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.05.2020 | സസ്പെൻഡ് | 6/20-11/20 | 9000 |
| 16 | മേരിക്കുട്ടി | 102760600682 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.05.2020 | സസ്പെൻഡ് | 6/20-11/20 | 8100 |
| 17 | പത്മാക്ഷി | 102760200139 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.05.2020 | സസ്പെൻഡ് | 6/20-8/20 | 4500 |
| 18 | ഭഗവതി അമ്മ | 102760200572 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.06.2020 | സസ്പെൻഡ് | 7/20-11/20 | 7500 |
| 19 | ലക്ഷ്മി | 102760200889 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.06.2020 | സസ്പെൻഡ് | 07/20-11/20 | 3000 |
| 20 | തങ്കമ്മ.പി | 102760200501 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.07.2020 | സസ്പെൻഡ് | 8/20-11/20 | 6000 |
| 21 | ഡാനിയേൽ.സി | 102760202055 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06.08.2020 | സസ്പെൻഡ് | 9/20-11/20 | 4200 |
| 22 | സുശീല.റ്റി | 102760202131 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.07.2020 | സസ്പെൻഡ് | 8/20-11/20 | 500 |
| 23 | അമൃതാഭായി | 102760601348 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.08.2020 | സസ്പെൻഡ് | 9/20-11/20 | 4200 |
| 24 | ഹുസൈൻ.എസ് | 102760201517 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04.09.2020 | സസ്പെൻഡ് | 10/20 | 1400 |
| 25 | എം.കൃഷ്ണൻനാടാർ | 102760200761 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.09.2020 | സസ്പെൻഡ് | 10/20-11/20 | 3000 |
| 26 | അരുന്ധതി | 102760600374 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.10.2020 | സസ്പെൻഡ് | 11/20 | 1400 |
| 27 | ശ്രീമതി.പി | 102760201499 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04.10.2020 | സസ്പെൻഡ് | 11/20 | 1400 |
| 28 | മനോഹരൻ | 102760203681 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12.11.2020 | സസ്പെൻഡ് | 12/20-2/22 | 23500 |
| 29 | സലീം | 102800203051 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.11.2020 | സസ്പെൻഡ് | 12/20-2/22 | 23500 |
| 30 | സുശീല.സി | 102760203086 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.11.2020 | സസ്പെൻഡ് | 12/20-8/21 | 12200 |
| 31 | എസ്.ലക്ഷ്മി | 102760200946 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 23.12.2020 | സസ്പെൻഡ് | 1/21-2/21 | 3000 |
| 32 | മീനാക്ഷി കെ | 101670100941 | കർഷക തൊഴിലാളി പെൻഷൻ | 26.07.2020 | ആക്ടീവ് | 8/20-2/22 | 29000 |
| 33 | ദേവകി.സി | 102760203039 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 05.01.2021 | സസ്പെൻഡ് | 2/21-10/21 | 14200 |
| 34 | രാധാമണിയമ്മ | 102760600416 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 14.02.2021 | സസ്പെൻഡ് | 3/21-10/21 | 12700 |
| | ആകെ | | | | | | 311200 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ എല്ലാ മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ

സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ സർക്കുലർ നം. എസ്.എഫ്.സി.-ബി2/53/2017/ധന തീയതി 22.01.2018 പ്രകാരം മരണപ്പെട്ട പെൻഷണർമാരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇപ്രകാരം ഡാറ്റാബേസ് പുതുക്കാത്തതിനാൽ മാത്രം സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ 311200/- രൂപയുടെ അധികചെലവ് ഉണ്ടായി. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/26.03.2022) പരാമർശിത വ്യക്തികളുടെ മരണവിവരം യഥാസമയം അറിയാത്തതിനാലാണ് പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽകാലതാമസം ഉണ്ടായതെന്നും, പ്രസ്തുത വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷം നിക്ഷേപിച്ച തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അനർഹമായി നൽകിയ തുക സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നില്ല

ധനകാര്യവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതെ നിലനിർത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐഡി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | ഡാനിയേൽമണി | 12.11.2020 | 102760201234 | ഇന്ദിരാ ഗാന്ധി ദേശീയ | ആക്ടീവ് |

| | | | | | |
|---|---|---|---|---|---|
| | | | | വാർദ്ധക്യകാല പെൻഷൻ | |
| 2 | തായി | 12.11.2020 | 102760100503 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 3 | ശിവൻപിള്ള.കെ | 18.11.2020 | 102760200782 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |

വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/26.03.2022) മേൽ പരാമർശിത വ്യക്തികളുടെ പെൻഷൻ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്തതായി മറുപടി ലഭ്യമാക്കി. മേൽ പട്ടികപ്പെടുത്തിയിട്ടുള്ളത് മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതെ ആക്ടീവ് ആയി നിലനിൽക്കുന്ന ഏതാനും പേരുടെ വിശദാംശം ആണ്. ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യസുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി.

സർവീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിട്ടപ്പെടുത്തി 30 ദിവസത്തിനകം തിരിച്ചടപ്പിക്കേണ്ടതാണെന്നും, സമയബന്ധിതമായി തുക തിരിച്ചടക്കാത്ത പക്ഷം പ്രസ്തുത വ്യക്തികളുടെ വിശദാംശം - മേൽവിലാസം, പിപിഒ നമ്പർ, അധികമായി കൈപ്പറ്റിയ സാമൂഹ്യ പെൻഷൻ തുക തുടങ്ങിയവ ധനകാര്യ വകുപ്പിന് നൽകണമെന്നും സർക്കുലർ നം. 14/2021/ധന തീയതി 08.02.2021 മുഖേന സർക്കാർ നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.03.2021 ലെ കത്തിലൂടെ ഇപ്രകാരം ക്രമവിരുദ്ധമായി ക്ഷേമപെൻഷൻ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന 22 പേരുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട്.

| ക്രമ നം. | പേരുംവിലാസവും | ക്ഷേമപെൻഷൻ അനുവദിച്ച് തുടങ്ങിയ തീയതി | ആധാർ നം. | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ദേവകി സി | 01.06.2009 | 276855015118 | തിട്ടപ്പെടുത്തിയിട്ടില്ല |
| 2 | സരസമ്മ | 01.01.2011 | 334560942239 | തിട്ടപ്പെടുത്തിയിട്ടില്ല |
| 3 | സുഭദ്ര | 01.04.2011 | 284064796146 | തിട്ടപ്പെടുത്തിയിട്ടില്ല |
| 4 | അമരീഷൻ വി | 01.12.2013 | 831360046207 | തിട്ടപ്പെടുത്തിയിട്ടില്ല |
| 5 | ദാക്ഷായണി എ | 01.01.2014 | 911559723508 | തിട്ടപ്പെടുത്തിയിട്ടില്ല |
| 6 | ഓമന എസ് | 01.01.2014 | 309690883482 | തിട്ടപ്പെടുത്തിയിട്ടില്ല |
| 7 | ക്രിസ്റ്റീനാമ്മാൾ | 01.01.2014 | 299125014372 | തിട്ടപ്പെടുത്തിയിട്ടില്ല |
| 8 | ഫില്ലിസ് എം | 01.03.2014 | 238469011910 | തിട്ടപ്പെടുത്തിയിട്ടില്ല |
| 9 | പുഷ്പം ആർ | 01.01.2015 | 370336960214 | 55600 |
| 10 | സുലോചന എസ് | 01.09.2015 | 417805120249 | തിട്ടപ്പെടുത്തിയിട്ടില്ല |
| 11 | സുബ്ബലക്ഷ്മി എസ് | 01.07.2016 | 312298332136 | തിട്ടപ്പെടുത്തിയിട്ടില്ല |
| 12 | രാജമ്മ വി.സി. | 01.12.2016 | 293628630536 | തിട്ടപ്പെടുത്തിയിട്ടില്ല |
| 13 | തങ്കമ്മ പിള്ള | 01.12.2016 | 443006924555 | തിട്ടപ്പെടുത്തിയിട്ടില്ല |
| 14 | ലൂർദ് എം | 09.12.2016 | 964693992106 | തിട്ടപ്പെടുത്തിയിട്ടില്ല |
| 15 | മോഹനൻ സി | 01.01.2003 | 828942759390 | 92820 |
| 16 | രവീന്ദ്രൻ നായർ | 01.01.2003 | 654099023563 | തിട്ടപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 17 | മൈഥിലീശ്വരൻ ബി | 01.07.2014 | 639411944769 | 19900 |
| 18 | വിജയകുമാർ കെ | 17.11.2015 | 586149049723 | തിട്ടപ്പെടുത്തിയിട്ടില്ല |
| 19 | സോമലത എം | 01.01.2004 | 969392897746 | തിട്ടപ്പെടുത്തിയിട്ടില്ല |
| 20 | സുജാത ഒ | 01.01.2004 | 243513484674 | തിട്ടപ്പെടുത്തിയിട്ടില്ല |
| 21 | അംബികാദേവി | 01.11.2004 | 239881921616 | തിട്ടപ്പെടുത്തിയിട്ടില്ല |
| 22 | വിജയകുമാരി ജി | 21.09.2018 | 800710270266 | തിട്ടപ്പെടുത്തിയിട്ടില്ല |

മേൽ പട്ടിക പ്രകാരമുള്ളതിൽ ഗ്രാമപഞ്ചായത്ത് നൽകിയ കത്തിനെ തുടർന്ന് ഒരു വ്യക്തി മാത്രമാണ് തുക ഒടുക്കിയിട്ടുള്ളത് (മൈഥിലീശ്വരൻ ബി - 19900/-). ക്രമ നം.9,15 ലെ ജീവനക്കാർ തുക ഒടുക്കുന്നതിന് സാവകാശം ആവശ്യപ്പെട്ടിരുന്നു. മറ്റ് ഗുണഭോക്താക്കൾ ക്രമവിരുദ്ധമായി കൈപ്പറ്റിയ ക്ഷേമപെൻഷൻ തുക എത്രയാണെന്ന് ഗ്രാമപഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടില്ല. മറ്റ് ഗുണഭോക്താക്കൾ അധികമായി കൈപ്പറ്റിയ തുക തിട്ടപ്പെടുത്തിയതിന്റെയും, ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിലേക്ക് സമർപ്പിച്ചതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/26.03.2022) മറുപടിയായി ബാക്കിയുള്ള ഗുണഭോക്താക്കൾ നേരിട്ട് ഹാജരാകാത്തതിനാലും, സർവീസ് പെൻഷൻ കൈപ്പറ്റിയ കാലയളവ് വ്യക്തമല്ലാത്തതിനാലും, തിരിച്ചടക്കേണ്ട തുക തിട്ടപ്പെടുത്തി നൽകാൻ കഴിഞ്ഞില്ലായെന്നും, പ്രസ്തുത വ്യക്തികളുടെ പെൻഷൻ തുകയിൽ നിന്നും ഈടാക്കുന്നതിന് ഡിഡിപിയെ അറിയിച്ചിട്ടുള്ളതായും വിശദീകരിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മേൽ വ്യക്തികൾക്ക് വീണ്ടും കത്ത് നൽകി തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചു. അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയിട്ടുള്ള മേൽ വ്യക്തികളിൽ നിന്നും നടപടികൾ പാലിച്ച് അടിയന്തിരമായി ഈടാക്കി, ബന്ധപ്പെട്ട ഹെഡിൽ ഒടുക്കേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-39 അംഗൻവാടി പോഷകാഹാരം - സപ്ലൈകോയ്ക്ക് അധികമായി തുക അനുവദിച്ചു - 23,337/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോ.നം.25/21 അംഗൻവാടി പോഷകാഹാരം | |
| പദ്ധതി അടങ്കൽ | 1047262 വികസനഫണ്ട് പൊതുവിഭാഗം<br>1400000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>300000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവു തുക | 1047262 വികസനഫണ്ട് പൊതുവിഭാഗം<br>1400000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>208600 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ | 26,55,862/- |
| നിർവഹണാധികാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

അംഗൻവാടി പോഷകാഹാരം പദ്ധതി പ്രകാരം സപ്ലൈകോ, സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ്, അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ, ന്യൂട്രിമിക്സ് തുടങ്ങിയവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ചെലവു വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | തുക കൈപ്പറ്റിയ സ്ഥാപനത്തെ സംബന്ധിച്ച വിശദാംശം | | | തദ്ദേശ സ്ഥാപനം തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശം | | കുറിപ്പ് |
|---|---|---|---|---|---|---|
| | സ്ഥാപനത്തിന്റെ പേര് | കൈപ്പറ്റിയ തുക | സ്ഥാപനം ലഭ്യമാക്കിയ ബിൽ നം., തീയതി, ബിൽ തുക | ബിൽ/ചെക്ക് നം | ബിൽ/ ചെക്ക് തുക | |
| 1 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 102886 | 70/01.04.2020, 114699 | ചെക്ക് നം. 2817750/16.06.2020 കേന്ദ്രാവിഷ്കൃത ഫണ്ട് | 224653 | 11813/- (114699-102886) രൂപ കുടിശ്ശികയുണ്ട് |
| 2 | അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 121767 | 99/18.05.20, 126651 | | | 4884/- (126651-121767) രൂപ കുടിശ്ശികയുണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| 3 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 108600 | 50/25.01.20, 96787+ 11813 | ചെക്ക് നം. 1853701/16.06.2020 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 108600 | ക്രമ നം. 1 പ്രകാരമുള്ള കുടിശ്ശിക തിരികെ ഒടുക്കി |
| 4 | സോമൻ | 19448 | - | ബിൽ നം. 4/24.07.2020 വികസന ഫണ്ട് | 443635 | സാധനങ്ങൾ അംഗൻവാടികളിലെത്തിച്ചതിനുള്ള കൂലി |
| 5 | സപ്ലൈകോ | 297521 | 19710/ 05.10.2019, 191618 + 20296/ 09.06.2020, 297303 | | | DS/10/19 ലെ ബിൽ പ്രകാരമുള്ള തുകയിൽ കുടിശ്ശികയായിരുന്ന 218/- രൂപ ഉൾപ്പെടെ 297303/- |
| 6 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 126666 | 83/29.06.20, 126666 | | | - |
| 7 | സുരേന്ദ്രൻ | 34717 | - | ബിൽ നം. 7(a)/27.08.2020 വികസന ഫണ്ട് | 189191 | സാധനങ്ങൾ അംഗൻവാടികളിലെത്തിച്ചതിനുള്ള കൂലി |
| 8 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 154474 | 92/28.01.2020, 154474 | | | - |
| 9 | സപ്ലൈകോ | 342759 | 20525/ 25.08.2020, 342759 | ബിൽ നം. 8(b)/27.08.2020 വികസന ഫണ്ട് | 342759 | - |
| 10 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 151328 | 105/26.08.20, 151328 | ചെക്ക് നം. 488263/12.11.2020 കേന്ദ്രാവിഷ്കൃത ഫണ്ട് | 151328 | - |
| 11 | സുരേന്ദ്രൻ | 35954 | - | ചെക്ക് നം. 488661/29.01.2021 കേന്ദ്രാവിഷ്കൃത ഫണ്ട് | 699794 | സാധനങ്ങൾ അംഗൻവാടികളിലെത്തിച്ചതിനുള്ള കൂലി |
| 12 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 300214 | 117/ 30.09.20, 150403+ 130/31.10.2020, 149811 | | | - |
| 13 | സപ്ലൈകോ | 312259 | 20844/ 10.11.2020, 335596 | | | 23337/- രൂപ കുടിശ്ശികയുണ്ട് |
| 14 | അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 51367 | 199/25.11.20, 151367 | | | 100000/- രൂപ കുടിശ്ശികയുണ്ട് |
| 15 | അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 100000 | - | ബിൽ നം. 17/10.02.2021 വികസന ഫണ്ട് | 100000 | ക്രമ നം. 14 പ്രകാരമുള്ള കുടിശ്ശിക തിരികെ ഒടുക്കി |
| 16 | സപ്ലൈകോ | 23337 | - | ബിൽ നം. 21/15.03.2021 വികസന ഫണ്ട് | 23337 | ക്രമ നം. 13 പ്രകാരമുള്ള കുടിശ്ശിക തിരികെ ഒടുക്കി |
| 17 | സമൃദ്ധി&ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 48340 | 165/12.03.21, 155364 | ബിൽ നം. 22/15.03.2021 വികസന ഫണ്ട് | 48340 | 107024/- രൂപ കുടിശ്ശികയുണ്ട് |
| 18 | സപ്ലൈകോ | 216316 | 201289/ 23.01.2021, 373480+ 23337 | ചെക്ക് നം. 567203/15.03.2021 കേന്ദ്രാവിഷ്കൃത ഫണ്ട് | 324225 | ക്രമ നം. 13 പ്രകാരമുള്ള കുടിശ്ശിക വീണ്ടും തെറ്റായി തിരികെ ഒടുക്കി |
| 19 | സമൃദ്ധി &ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 103025 | - | | | ക്രമ നം. 17 പ്രകാരമുള്ള കുടിശ്ശികയിൽ തിരികെ ഒടുക്കിയത് |
| 20 | അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് | 4884 | - | | | ക്രമ നം. 2 പ്രകാരമുള്ള കുടിശ്ശിക തിരികെ ഒടുക്കി |
| ആകെ പദ്ധതി ചെലവ് | | | | | 26,55,862 | |

മേൽ പ്രകാരം തുക വിനിയോഗിച്ചതിൽ ക്രമ നം.13 പ്രകാരം സപ്ലൈകോയ്ക്ക് 23,337/-രൂപ ഒടുക്കുവാനവശേഷിച്ചിരുന്നു. പ്രസ്തുത കുടിശ്ശിക തുക ക്രമ നം.16, 18 എന്നിവ പ്രകാരം രണ്ടു തവണ സപ്ലൈകോയ്ക്ക് അനുവദിക്കുകയുണ്ടായി. സപ്ലൈകോയുടെ കൈപ്പറ്റ് രേഖകൾ ലഭ്യമായിട്ടില്ല. 23,337/- രൂപ അധികമായി അനുവദിച്ചതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/02.04.2022) മറുപടി ലഭ്യമാക്കിയില്ല. സപ്ലൈകോയുമായി ബന്ധപ്പെട്ട് തുക ഒടുക്കിയതു

സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിക്കേണ്ടതും, അധികമായി ഒടുക്കിയ തുക തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതുമാണ്. അധികമായി ചെലവു ചെയ്ത തുക 23,337/- രൂപ തടസ്സം ചെയ്യുന്നു.

## 1-40 ജി.എസ്.ടി. ബില്ലുകളിന്മേൽ റ്റി.ഡി.എസ്. ഈടാക്കിയില്ല.

അംഗൻവാടി പോഷകാഹാരം പദ്ധതി പ്രകാരം വിവിധ ബില്ലുകളിലൂടെ ന്യൂട്രിമിക്സ് വാങ്ങുന്നതിനായി 13,60,853/- രൂപ ചെലവു ചെയ്തിട്ടുണ്ട്. Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5 ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. ന്യൂട്രിമിക്സിന് ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയാണ് അനുവദിച്ചതെങ്കിലും, തുക കൈമാറിയപ്പോൾ ജി.എസ്.ടി ടി.ഡി.എസ്. ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ/ചെക്ക് നം | തുക കൈപ്പറ്റിയ സ്ഥാപനം | കൈപ്പറ്റിയ തുക | ന്യൂട്രിമിക്സിന്റെ വില (നികുതി ഒഴികെ) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി. ടി.ഡി.എസ് |
|---|---|---|---|---|
| ചെക്ക് നം. 2817750/16.06.2020 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 102886 | 108500 | 2170 |
| | അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ട് യൂണിറ്റ് | 121767 | 119805 | 2396 |
| ചെക്ക് നം. 1853701/16.06.2020 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 96787 | 92070 | 1841 |
| ബിൽ നം. 4/24.07.2020 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 126666 | 119820 | 2396 |
| ബിൽ നം. 7(a)/27.08.2020 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 154474 | 146125 | 2923 |
| ചെക്ക് നം. 488263/12.11.2020 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 151328 | 143150 | 2863 |
| ചെക്ക് നം. 488661/29.01.2021 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 300214 | 283990 | 5680 |

| | | | | |
|---|---|---|---|---|
| ചെക്ക് നം. 488661/29.01.2021<br>ബിൽ നം. 17/10.02.2021 | അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ട് യൂണിറ്റ് | 151367 | 143185 | 2864 |
| ബിൽ നം. 22/15.03.2021<br>ചെക്ക് നം. 567203/15.03.2021 | സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റ് | 155364 | 146965 | 2939 |
| | | | | 26072 |

സ്രോതസ്സിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/02.04.2022) മറുപടി ലഭ്യമാക്കിയില്ല. സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് പ്രോഡക്ട് യൂണിറ്റിൽ നിന്നും 23812/- രൂപയും, അക്ഷയ ന്യൂട്രിമിക്സ് പ്രൊഡക്ട് യൂണിറ്റിൽ നിന്നും 5260/- രൂപയും ഈടാക്കി നികുതിയിനത്തിൽ ഒടുക്കേണ്ടതും, രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-41 പ്രവൃത്തിക്ക് അനുമതി ലഭിക്കുന്നതിനു മുമ്പ് തന്നെ കരാറിൽ ഏർപ്പെട്ടു-കരാറുകൾ ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല

Project No.276/21-(S.O), 129/20 Maintenence Of Anganwadi No 22

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

Mbook No.104/18-19

Agreement No.104/AE/LSGD/BLPM/18-19, 23.7.2019

TS Order No. LSGD/TS/2019-20/45576, 02/09/2019 Rs: 2,50,000/-

Contractor : Babu P

Bill No.160,/8/10/2020 Rs.1,74,901/-

നിർവ്വഹണം:അസിസ്റ്റന്റ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തിക്ക് TS ലഭിച്ചത് 2.9.2019 ൽ ആണ്. കരാറുകാരനായ ശ്രീ ബാബുവിന് പ്രവൃത്തിക്കായി സെലക്ഷൻ നോട്ടീസ് നൽകിയത് 26.11.2019 ലാണ്. എന്നാൽ ടിയാനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് (104/AE/LSGD/BLPM /18-19,) 23.7.2019 തീയതിയിലാണ്. കരാറിൽ ഏർപ്പെട്ട മുദ്രപത്രം ടിയാന് വെണ്ടർ നൽകിയിരിക്കുന്നത് 25.1.2020 തീയതിയിലാണ്.പ്രസ്തുത അപാകതകൾക്ക് കാരണം വ്യക്തമാക്കുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-23 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-42 ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല-13,85,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചീനിയർ നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജകറ്റ് നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 30/21 | എ ഇ ഓഫീസിൽ വാഹനം വാടകക്ക് എടുക്കൽ | 2,46,817 |
| 2 | 33/21 | എ ഇ ഓഫീസ് എക്സ്പെൻസ് | 18,568 |
| 3 | 217/21 | പഞ്ചായത്ത് ലൈബ്രറി പുനരുദ്ധരണം | 49,872 |
| 4 | 245/21 | എഫ് എച്ച് സി മെയിൻന്റെനൻസ് | 2,03,920 |
| 5 | 268/21 | എ ഇ ഓഫീസിൽ വാഹനം വാടകക്ക് എടുക്കൽ | 70,000 |
| 6 | 270/21 | തീയന്നൂർകോണം കുളം നടപ്പാത നിർമ്മാണം | 4,88,214 |
| 7 | 278/21 | വെറ്റിനറി സബ് സെന്റർ നവീകരണം | 1,98,951 |
| 8 | 292/21 | പഞ്ചായത്ത് പഴയ ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 67,976 |
| 9 | 295/21, | സർക്കാർ സ്കൂളിൽ മിനി എം സി എഫ് സ്ഥാപിക്കൽ | 40,682 |
| ആകെ | | | 13,85,000 |

ഫയലുകൾ ഹാജരാക്കുന്നതിനായി 02.04.2022ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. തുടർന്നും ഫയൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 13,85,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-43 GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്

സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീയതി 1-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19 ധനം/ തീയതി 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തികൾക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് കരാറുകാരൻ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-13 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-44 ടാറിംഗ് പ്രവൃത്തികളിൽ ടാർ ബില്ല് ഉൾപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ ഫയലുകൾ പൂർണവും ആധികാരികവുമായി സൂക്ഷിക്കേണ്ടതുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

1. 154/20-21 – Retarring Of Anthiyoor Elamkam Ambiyode Road

Mbook No.154/20-21

Bill No. 127/14.9.2020, 75,622/-

കരാറുകാരൻ. പ്രസന്നകുമാർ സി

ഫണ്ട്. MG(R)

2. 160/20-21- Retarring Of Gandhinagar Road

Mbook No.110/20-21

Bill No. 484/27.3.2021, 449855/-

കരാറുകാരൻ. പ്രശാന്ത്

ഫണ്ട്. MG(R)

3. 255/21- K Karunakaran Memmorial Palachalkonam Kochukada Road

Mbook No.66/19-20

Bill No. 9/11.4.2020, 299903/-

കരാറുകാരൻ. അനന്തകുമാർ

ഫണ്ട്. FCG

4. 287/21- Kavinpuram Midunnoorkonan Retarring

Mbook No.81/19-20

Bill No. 130/14.9.2020, 489480/-

കരാറുകാരൻ. സുരേന്ദ്രൻ

ഫണ്ട്. MG(R)

5. 158/20-21 – Retarring Of Kavinpuram Road In Ward II

Mbook No.18/20-21

Bill No. 212/11.11.2020, 196739/-

കരാറുകാരൻ. അനന്തകുമാർ

ഫണ്ട്. MG(R)

മേൽ പറഞ്ഞ ടാറിംഗ് പ്രവൃത്തികളിൽ ടാർ വാങ്ങിയതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടാറിംഗ് പ്രവൃത്തികളിൽ തുക അനുവദിക്കുന്നതിന് ടാർ വാങ്ങിയതിന്റെ ഒറിജനൽ ബിൽ പരിശോധിക്കേണ്ടത് ആവശ്യമാണ്. ആയത് പരിശോധനക്കായി ഹാജരാക്കുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-14, 01.04.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-28 എന്നിവ നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ GO(P) No. 96/2016/Fin Dated 15.7.2016 നെ ഉത്തരവ്, ചീഫ് എൻജിനീയർ LSGD യുടെ 1.9.2016 ലെ DB3/6512(B)/2013/CE/LSGD യുടെ സർക്കുലർ എന്നിവയിൽ ' The Payment Towards The Cost Of Bitumen Shall Be Allowed Based On The Original Bills Only ' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളിൽ ചെലവായ 15,11,599/- (75,622+4,49,855+2,99,903+4,89,480+1,96,739) രൂപയുടെ ചെലവിന്റെ പൂർണരേഖകൾ ഫയലിൽ ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്.

## 1-45 എം ബുക്കിൽ അളവ് രേഖപ്പെടുത്താതെ പ്രവൃത്തി നടത്തിയതായി കാണിച്ച് തുക അനുവദിച്ചു-18,162.04/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ
Project No.140/20-21-construction Of Aaladikulam Shivancovil Side Wall

Mbook No.42/20-21

Bill No.276/20.1.2021, 174463/-

ഫണ്ട്- MG(R)

42/AE/LSGD/BLPM/20-21,6.7.2020

TS: 24877/20-21

0.01% Below

Contractor: Reneesh Jio

പ്രസ്തുത പ്രവൃത്തിയിൽ പേജ് നം 1 Item 2 Demolishing Stone Rubble Including Stacking Of Servicable Meterial..... എന്ന ഇനം 10.512 $M^3$ അളവിൽ ചെയ്തിട്ടുണ്ട്. ആയതിന് Page No 9 പ്രകാരം 10.08 $M^3$ ൽ നിജപ്പെടുത്തി 1445.05 രൂപ നിരക്കിൽ 14566.1 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ Page No 9,10 എന്നിവയിൽ 6.715 $M^3$, 3.765 $M^3$ ഉൾപ്പെടെ ആകെ 10.48 M3 DR Work നടത്തിയതായി രേഖപ്പെടുത്തി ആയത് 10.08 $M^3$ ൽ നിജപ്പെടുത്തി 1801.97/m3 നിരക്കിൽ 18,163.86 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ എം ബുക്കിന്റെ Measurement രേഖപ്പെടുത്തുന്ന ആദ്യ ഭാഗത്ത് 10.08 $M^3$ പ്രവൃത്തി നടത്തിയ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.-15/31.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എം ബുക്കിൽ പ്രവൃത്തി ചെയ്ത് അളവ് രേഖപ്പെടുത്താതെ പ്രവൃത്തി നടത്തിയതായി കാണിച്ച് തുക അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കൂടാതെ പേജ് - 8 ൽ 14.42 $M^3$ DR പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി 3628.69 രൂപ നിരക്കിൽ 52325.71 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിലും Demolish ചെയ്തെടുത്ത 10.512 $M^3$ Rubble ഉപയോഗപ്പെടുത്തിയിട്ടില്ല. അളവ് രേഖപ്പെടുത്താതെ പ്രവൃത്തി നടത്തിയതായി കാണിച്ച് അനുവദിച്ച തുകയായ 18,162.04/- (18,163.86 – Tender Below) രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-46 റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 16 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-47 സൈഡ് വാൾ നിർമ്മാണത്തിൽ ആവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി- വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

1. Project No.125 /20-21-villikulam Kunnathupotta Idavazhi Concrete

Mbook No.81/20-21

Bill No.431/20.1.2021, 1,17,430/-

Contractor-subash

Scp Fund

Ts.65828/20-21, 1,20,000/-

81/AE/LSGD/BLPM, 16.7.2020

എംബുക്ക് പേജ് നം -1 പ്രകാരം 6.65 X .6 X .5 അളവിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്. തുടർന്ന് 1:3:6 അനുപാതത്തിൽ 6.65 X .6 X .1 അളവിൽ Foundation PCC ചെയ്യുകയും തുടർന്ന് 6.65 X .5 X .4 അളവിൽ PCC 1:3:6(1.33 $M^3$) അനുപാതത്തിൽ ചെയ്തതിനുശേഷം 1:2.5:5 അനുപാതത്തിൽ Side Wall നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

2. Project No. 112/20-21-side Wall For Cherumala Footpath

Mbook No.79/20-21

Bill No.300/10.2.2021, 1,88,730/-

Contractor-Hareendran

MF Fund

Ts.63797/20-21, 2,00,000/-

79/AE/LSGD/BLPM, 16.10.2020

പ്രസ്തുത പ്രവൃത്തിയിൽ എംബുക്ക് പേജ് നം 1 പ്രകാരം 6.048 $M^3$ അളവിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്. തുടർന്ന് 1:3:6 അനുപാതത്തിൽ 1.238 $M^3$ അളവിൽ Foundation PCC ചെയ്യുകയും തുടർന്ന് 4.254 $M^3$ അളവിൽ PCC 1:3:6 (4.254 $M^3$) അനുപാതത്തിൽ ചെയ്തതിനുശേഷം 1:2.5:5 അനുപാതത്തിൽ Side Wall നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

3. Project No. 239/20-21-side Wall For Thengarakonam Ela Bund Road

Mbook No.77/20-21

Bill No. 27/11.4.2020,3,40,418/-

Contractor- Jineesh ,MG(R)fund

Ts.22728/20-21, 4,50,000/-

77/AE/LSGD/BLPM, 11.11.2020

പ്രസ്തുത പ്രവൃത്തിയിൽ എംബുക്ക് പേജ് നം 2 പ്രകാരം 29.8 X .8 X .5 അളവിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്.തുടർന്ന് 1:3:6 അനുപാതത്തിൽ 29.8 X .8 X .1 അളവിൽfoundation PCC ചെയ്യുകയും തുടർന്ന് 29.8 X .6 X .4 അളവിൽ(7.15 M3) PCC 1:3:6 (7.15 M3)അനുപാതത്തിൽ ചെയ്തതിനുശേഷം 1:2.5:5 അനുപാതത്തിൽ Side Wall നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

4. Project No. 107/20-21-edayakonam Thodu Sidewall

Mbook No.21/20-21

Bill No.307/12.2.2021, 4,49,617/-

Contractor- Anandakumar ,SCP Fund

Ts.24872/20-21, 4,50,000/-, Est Rate

21/AE/LSGD/BLPM, 21.7.2020

പ്രസ്തുത പ്രവൃത്തിയിൽ എംബുക്ക് പേജ് നം 1 പ്രകാരം 25.3 X 1.1 X .5 അളവിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്. തുടർന്ന് 1:3:6 അനുപാതത്തിൽ 25.3 X 1.1 X .1 അളവിൽ Foundation PCC ചെയ്യുകയും തുടർന്ന് 25.3 X 1.1 X .4 അളവിൽ PCC 1:3:6 (11.132 M3) അനുപാതത്തിൽ ചെയ്തതിനുശേഷം 1:2.5:5 അനുപാതത്തിൽ Side Wall നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

അപാകതകൾ

A. മേൽ പറഞ്ഞ എല്ലാ പ്രവൃത്തികളിലും Foundation PCC ചെയ്തതിനു ശേഷം 1:2.5:5 അനുപാതത്തിൽ Side Wall നിർമ്മിക്കുന്നതിൽ സാങ്കേതികമായ തടസ്സങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല എന്നിരിക്കേ Escavationന്റെ ഉയരത്തിൽ RCC 1:3:6 നിർമ്മിച്ചതിനു ശേഷം 1:2.5:5 അനുപാതത്തിൽ Side Wall നിർമ്മിക്കുകയാണ് ചെയ്തിരിക്കുന്നത്.

B. ക്രമ നം (4) ൽ എസ്കവേഷൻ നടത്തിയത് 1.1 M വീതിയിലാണ്. പ്രസ്തുത അളവിൽ RR Work നടത്താം എന്നിരിക്കെ ചെലവ് കൂടിയ RCC ചെയ്തു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-17, 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.19 എന്നിവ നൽകിയിരുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തടസ്സപ്പെടുത്തുന്നതാണ്.

## 1-48 സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല- 13135/-രൂപ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

ചുവടെ പറയുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ പിഴ ഈടാക്കിയതായി കാണുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.8.2018 തീയതിയിലെ Ac2/223/15 നെ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസ കാലയളവിന് ഒരു ശതമാനവും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.

Mb No.40/19-20

Bill No. 303/10.2.2021, 299646/-

Project No.81/19-20-parakuzhy Thampuran Kshethram Idavazhy Interlock

| പ്രോജക്റ്റ് നം | കരാർ നം/ തീയതി | കരാറുകാരന്റെ പേര് | പ്രവൃത്തിക്ക് അനുവദിച്ച സമയം (മാസം) | എഗ്രീഡ് പി.എ.സി | സ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | കാല താമസം | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ (5 %) |
|---|---|---|---|---|---|---|---|---|---|---|
| 81/19-20 | 40/AE/LSGD /BLPM/ 19-20,29.8.2019 | Ramabhadran | 8 | 262700 | 29.8.2019 | 3.12.2020 | 28.4.2020 | 218ദിവസം | - | 13135/- |

ടി വിഷയത്തിൽ വിശദീകരണം ലഭിക്കുന്നതിനായി 31.3.2022 തീയതി ഓഡിറ്റ് എൻക്വയറി നമ്പർ 18 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-49 സംരക്ഷണഭിത്തി നിർമ്മാണത്തിൽ സർക്കാർ നിർദേശം അവഗണിച്ച് RCC Middle Belt നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

1. Project No.259 /20-21- kazhodu Puthichal Road Sidewall

Mbook No.84/20-21

Bill No.132/14.9.2020, 1,53,184/-

പ്രസ്തുത പ്രവൃത്തിയിൽ എംബുക്ക് പേജ് നം -1 പ്രകാരം 25.2 X .9 X .5 Mഅളവിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്. തുടർന്ന് RR (Foundation) 25.2 X .9 X .5 M അളവിൽ ചെയ്യുകയും 25.2 X (.8 +.7 )/2 X .95 M അളവിൽ RR Work ചെയ്തതിനുശേഷം 11.4.4 Specification പ്രകാരം 25.2 X .7 X .1 RCC Belt നിർമ്മിക്കുകയും തുടർന്ന് 0.425 M ,0.3 M എന്നീ ഉയരത്തിൽ Rubble Work RR With Cm 1:6 നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ചെയ്ത ആകെ Side Wall ന്റെ ഉയരം 1.675 M ആണ്.

2. Project No. 157/20-21- pakachalkonam Akarathivila Road Sidewall

Mbook No.3/20-21

Bill No.125/14.9.2020, 219585/-

എംബുക്ക് പേജ് നം -1 പ്രകാരം 15 X 1.2 X .5 Mഅളവിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്.തുടർന്ന് RR (Foundation) 15 X 1.2 X .5 M അളവിൽ ചെയ്യുകയും 15 X (1.1+.8)/2 X 1 M അളവിൽ RR Work ചെയ്തതിനുശേഷം M20 പ്രകാരം 15 X .8 X .1 RCC Belt നിർമ്മിക്കുകയും തുടർന്ന് .6 M എന്നീ ഉയരത്തിൽ Rubble Work നടത്തുകയും, .45m ഉയരത്തിൽ RR With Cm 1:6 ചെയ്തിട്ടുമുണ്ട്. ഇപ്രകാരം ചെയ്ത ആകെ Side Wall ന്റെ ഉയരം 2.05 M ആണ്. രണ്ട് പ്രവൃത്തികളിലും സൈഡ് വാളിന്റെ മുകൾ വശം 1:6 CM ഉപയോഗിച്ചുള്ള RR Work ആയതിനാൽ അവിടെ ബെൽറ്റിന്റെ ആവശ്യം വരാത്തതാകുന്നു.

അപാകതകൾ

1. ധനകാര്യവകുപ്പിന്റെ Circular No.87/2016, 18.11.2016 പ്രകാരം Pcc 1:3:6 Belt With Nominal Reinforecement After Every 2m For DR Wall എന്ന പറയുന്നു. ഇവിടെ ക്രമ നം (1) ൽ ഭിത്തിയുടെ പരമാവധി ഉയരം 2 M ൽ താഴെയും ക്രമ നം (2) ൽ ഭിത്തിയുടെ പരമാവധി ഉയരം 2.05 M ഉം ആണ്. ക്രമ നം (1) ൽ .95 M കഴിഞ്ഞും, ക്രമ നം (2) ൽ 1m കഴിഞ്ഞും Middle Belt നൽകിയിട്ടുണ്ട്.

2. 1:3:6 Belt ന പകരം 1:2:4 Belt അനുപാതം ഉപയോഗിച്ചു. (Estimate Report ൽ ഈ രീതിയിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ലാത്തതാകുന്നു).

പ്രസ്തുത വിഷയങ്ങളിൽ വിശദീകരണം ലഭ്യമാകുന്നതിനായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 20 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരം ബെൽറ്റ് നിർമ്മിക്കുന്നത് പാഴ് ചെലവാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-50 Ladder നിർമ്മാണത്തിന് അധിക നിരക്ക് നൽകി-7384/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

Project No.262/ 19-20-thekke Malacheriv Pump House Construction

Mbook No.50/19-20(2 Volume)

Bill No.44/28.42020, 137775/-

50/AE/LSGD/BLPM, 29.10.2019

Contractor-Ajeesh

Ts No.24393/19-20,450000/-

Est No.2019/45420

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

എസ്റ്റിമേറ്റിലെ ഐറ്റം 17 ആയി Ladder നിർമ്മാണം നടത്തിയിട്ടുണ്ട്. ആയതിന് 10.16.3 Specification പ്രകാരം (203.923 Kg @ 154.76/kg = 31,559.12) തുക അനുവദിച്ചിട്ടുണ്ട്. DAR 10.25.2 ൽ Ladder നിർമ്മാണത്തിന് നൽകാവുന്ന നിരക്ക് പ്രതിപാദിച്ചിട്ടുണ്ട് (അടിസ്ഥാന നിരക്ക് : 85.95/KG , COST INDEX 37.93 % ഉൾപ്പെടെ 118.55/kg). ആയതിനാൽ Ladder നിർമ്മാണത്തിന് അനുവദിക്കാവുന്നത് DAR 10.25.2 In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works എന്ന ഇനമാണ്.(118.55/kg). ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകിയതിന് കാരണം വ്യക്തമാക്കുന്നതിനും, പ്രോജക്റ്റിന്റെ ബിൽ പരിശോധനക്കായി ഹാജരാക്കുന്നതിനുമായി 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-21 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അനുവദിച്ച തുക - 203.923 Kg @ 154.76/kg = 31,559.12

അനുവദിക്കാവുന്ന തുക - 203.923 Kg @ 118.55/kg = 24175.07

അധികം നൽകിയ തുക - 7384/- രൂപ

ഇത്തരത്തിൽ അധികം നൽകിയ തുക തടസപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം തടസം നിരാകരണമായി മാറുന്നതാണ്

## 1-51 ഒരു വർഷം നിർവ്വഹിക്കുവാൻ തയ്യാറാക്കുന്ന പദ്ധതികൾ അതേവർഷം തന്നെ പൂർത്തീകരിക്കത്തക്ക വിധത്തിൽ അനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എൻജിനീയർ

1. Project No.281/21(S.O), 234/2019-20-parachanthala Bund Side Wall,ward 4

Mbook No.39/20-21

Bill Amount: 231861/-

പ്രസ്തുത പ്രവൃത്തിക്ക് Order No.LSGD/TS/2019-20/45712 , 17.7.2019 ആയി TS ലഭ്യമായിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 9 മാസമാണ്. 2019-20 ലെ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 16.4.2020 ആണ്.

2. 1. Project No. 276/21-(S.O), 129/20 Maintenence Of Anganwadi No 22

Mbook No.104/18-19

Bill No.160,/8/10/2020 Rs.174901/-

പ്രവൃത്തിക്ക് Order No.LSGD/TS/2019-20/45576 , 02.9.2019 ആയി TS ലഭ്യമായിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 8 മാസമാണ്. 2019-20 ലെ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 01.5.2020 ആണ്.

ഇത്തരത്തിൽ പൂർത്തീകരണ കാലയളവ് അടുത്ത സാമ്പത്തിക വർഷത്തേക്ക് നീളുന്ന രീതിയിൽ നൽകുന്നതിനു കാരണം ആരാഞ്ഞുകൊണ്ട് 31.3.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-23 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഒരു സാമ്പത്തിക വർഷം നിർവ്വഹിക്കുവാൻ തയ്യാറാക്കുന്ന പദ്ധതികൾ സ്പിൽ ഓവർ ആകാതെ അതേവർഷം തന്നെ പൂർത്തീകരിക്കത്തക്ക വിധത്തിൽ തയ്യാറാക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജനറേറ്റർ സ്ഥാപിച്ചതിലെ അപാകതകൾ-37500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോ.നം. 318/21 കുടുംബാരോഗ്യ കേന്ദ്രത്തിൽ ജനറേറ്റർ സ്ഥാപിക്കൽ

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

അടങ്കൽ തുക - 1000000

ചെലവ് തുക - 948421

ബിൽ നം./തീയതി - 35/12.03.2021

നിർവഹണാധികാരി- മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

ബാലരാമപുരം കുടുംബാരോഗ്യകേന്ദ്രത്തിന് ജനറേറ്റർ ലഭ്യമാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച്, 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ ആയി നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2019-20 ൽ ആവിഷ്കരിച്ച പദ്ധതിക്കായി ഇ ടെണ്ടർ ക്ഷണിച്ചപ്പോൾ BOQ തെറ്റായി രേഖപ്പെടുത്തിയതായും, 'Corrigendum' ജനറേറ്റ് ചെയ്ത് BOQ തിരുത്തി ഇ ടെണ്ടർ പ്രസിദ്ധപ്പെടുത്തിയപ്പോൾ ആദ്യ ടെണ്ടർ ക്യാൻസൽ ചെയ്യാത്ത ടെക്നിക്കൽ ഇറർ കാരണം രണ്ട് ടെണ്ടറുകൾ ക്ഷണിക്കാനിടയായതായും, രണ്ട് പ്രാവശ്യവും രണ്ട് ടെണ്ടറുകൾ വീതം ലഭിച്ചതായും, രണ്ടാമത്തെ ടെണ്ടറുകളാണ് പരിഗണിക്കേണ്ടത് എന്നതിനാൽ ടെണ്ടറർമാർ ആക്ഷേപം ഉന്നയിച്ചേക്കാം എന്നും, കൂടുതൽ സ്ഥാപനങ്ങൾ കുറഞ്ഞ ടെണ്ടറുകൾ സമർപ്പിക്കുവാൻ സാധ്യതയുള്ളതിനാലും റീടെണ്ടർ ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർ സമർപ്പിച്ച അപേക്ഷ 15.02.2020 ലെ ഭരണസമിതി യോഗം 1(2) തീരുമാനത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്. 2020-21 ൽ പദ്ധതിക്ക് സ്പിൽ ഓവർ അംഗീകാരം നേടി റീടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരം റീടെണ്ടർ ക്ഷണിച്ചതിനുള്ള രേഖകൾ ടെണ്ടർ പരസ്യം, പത്രപരസ്യം തുടങ്ങിയവ ലഭ്യമായില്ല. ഇടെണ്ടർ വെബ് സൈറ്റിലെ വിവരം പ്രകാരം 04.03.2020 ലാണ് ടെണ്ടർ നോട്ടീസ് പബ്ലിഷ് ചെയ്തിട്ടുള്ളത്. ബിഡ് സമർപ്പിക്കുവാനുള്ള കാലയളവ് 04.03.2020 മുതൽ 12.03.2020 വരെയും. സ.ഉ.(പി)നം.3/13/എസ്.പി.ഡി.തീയതി 21.06.2013 ഖണ്ഡിക7.33.ix പ്രകാരം ടെണ്ടറുകൾസമർപ്പിക്കുന്നതിനു ചുരുങ്ങിയത് 15 ദിവസം സമയം അനുവദിക്കേണ്ടിയിരുന്നു. എന്നാൽ പദ്ധതിയിൽ ടെണ്ടർ സമർപ്പിക്കുന്നതിനു നിശ്ചിതസമയം നൽകിയിട്ടില്ല

2) മേൽ പ്രകാരമുള്ള റീടെണ്ടറിന് സിഡ്കോ മാത്രം ബിഡ് സമർപ്പിച്ചതായും റീ ടെണ്ടർ ആയതിനാൽ സിഡ്കോ യുടെ ബിഡ് അംഗീകരിച്ചു നൽകണമെന്ന് മെഡിക്കൽ ഓഫീസർ 29.09.2020 ൽ നൽകിയ കത്തിൽ ഭരണസമിതി തീരുമാനം നം. 2(8) 01.10.2020 ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സിഡ്കോ യ്ക്ക് വർക്ക് ഓർഡർ നൽകി. സാങ്കേതികം/ഇലക്ട്രിക്കൽ സ്വഭാവമുള്ള പ്രവൃത്തി ചെയ്യുന്നതിന് ഈ സ്ഥാപനത്തിനുള്ള ലൈസൻസ് രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതിക്കായി സിഡ്കോ വുഡ് വർക്കിംഗ് യൂണിറ്റ് എന്ന സ്ഥാപനമാണ് മെഡിക്കൽ ഓഫീസറുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. കരാറിൽ തീയതി, മറ്റ് പൂർണ്ണമായ വിശദാംശങ്ങൾ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ ഒപ്പു വച്ചിട്ടില്ല. കരാർ സ്ഥാപിക്കുന്നതിനു മുൻപായി സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

ഉപകരണത്തിന്റെ വാറന്റി, എ.എം.സി. വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) പ്രവൃത്തിക്കായി തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ 22 ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. മേൽ ഇനങ്ങൾക്കായി 'ലംസം' ഉൾപ്പെടെയുള്ള ആകെ തുക 961538.40 രൂപയും, ഇതിന്മേൽ 3%, 1% നിരക്കുകളിൽ എസ്റ്റിമേറ്റ്, സൂപ്പർവിഷൻ, മെഷറിംഗ് (28846.152) എന്നിവയ്ക്കും, ചെക്ക് മെഷറിംഗിനും (9615.384) തുക അനുവദിച്ച് 10 ലക്ഷം രൂപയുടെ അടങ്കൽ ആണ് പദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ ടി നിരക്കുകൾ ഇലക്ട്രിക്കൽ പ്രവൃത്തിക്കായി ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുന്ന സന്ദർഭങ്ങളിലാണ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിന് ഈ വിഭാഗം ജീവനക്കാർ ഇല്ലാത്തതിനാലാണ് ഇതിനു അനുമതി നൽകിയിട്ടുള്ളത്(സ.ഉ.(സാധാ)നം.2878 /2015/തസ്വഭവതീയതി22.09.2015). എന്നാൽ ഒരു ഏജൻസി പ്രവൃത്തി ഏറ്റെടുത്ത് നടത്തുമ്പോൾ ഇപ്രകാരം ചെലവു ചെയ്യുന്നതിന് അനുമതി ലഭ്യമല്ല. പ്രവൃത്തി പൂർത്തിയായപ്പോൾ ബിൽ തയ്യാറാക്കുകയോ, മെഷർമെന്റുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ സിഡ്കോ ക്വാട്ട് ചെയ്തു പ്രകാരം അനുവദിച്ച ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ചെലവ് അനുവദനീയമല്ല.

Charge For Estimate, Supervision And Measuring @3% - 28000/-

Charge For Check Measuring @1% - 9500/-......

ആകെ - 37500/-

5) സിഡ്കോ 948421/- രൂപയുടെ ബിൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ(ടാക്സ് ഇൻവോയ്സ് നം. 160/2020-21 തീയതി 03.02.2021), സ്ഥാപനത്തിന് ബിൽ നം.35/12.03.2021 ലൂടെ പ്രസ്തുത തുക അനുവദിച്ചു. സ്ഥാപനം ഇൻസ്റ്റാൾ ചെയ്ത ഉപകരണത്തിന്റെ സാങ്കേതികക്ഷമത, ഇലക്ട്രിക്കൽ ഇൻസപക്ടറേറ്റിൽ നിന്നുള്ള സാക്ഷ്യപത്രം തുടങ്ങിയവയൊന്നും ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപ്പെടുത്തുകയോ ബിൽ അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടുന്ന ആദായനികുതി, ജി.എസ്.ടി. റ്റി.ഡി.എസ്. എന്നിവ കുറവുചെയ്തില്ല.

6) ഉപകരണം ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതു സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായില്ല. ജനറേറ്ററിന്റെ ലോഗ് ബുക്ക്, ഇന്ധന രജിസ്റ്റർ തുടങ്ങിയ രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല.

സാങ്കേതിക സ്വഭാവമുള്ള പ്രവൃത്തി പ്രസ്തുത വിഭാഗം ജീവനക്കാരിലൂടെ നിർവഹിക്കാത്തതിനുള്ള കാരണവും വ്യക്തമല്ല. അപാകത സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/02.04.2022) സെക്രട്ടറിയോ, നിർവഹണോദ്യോഗസ്ഥനോ മറുപടി ലഭ്യമാക്കിയില്ല. രേഖകൾ / മറുപടിയുടെ അഭാവത്തിൽ സർക്കാർ നിർദ്ദശങ്ങൾക്ക വിരുദ്ധമായി ചെലവു ചെയ്ത 37500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക സിഡ്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതും, ബന്ധപ്പെട്ട ഹെഡിൽ ഒടുക്കേണ്ടതുമാണ്. പദ്ധതി നിർവഹണത്തിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ഉപകരണം സ്ഥാപിച്ച പ്രവർത്തന ക്ഷമമാക്കിയതു സംബന്ധിച്ച ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള സാക്ഷ്യപത്രം, പദ്ധതിയുടെ നിർവഹണം, ഉപകരണം സ്ഥാപിച്ച പ്രവർത്തന സജ്ജമാക്കിയതും സംബന്ധിച്ച് ഊർജ്ജം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3191370<br>1294995 (മുന്നിരിപ്പ്)<br>1896375 (വരവ്) | സുഭിക്ഷകേരളം ഗ്രോബാഗ് വിതരണം | 150000 | 500000 |
| | | | ലക്ഷംവീട് വാസ യോഗ്യമാക്കൽ (ന്യൂലൈഫ്) | 520000 | |
| | | | ലക്ഷംവീട് കോളനികളിൽ വീട് മെയിന്റനൻസ് | 240000 | |
| | | | ന്യൂലൈഫ് വർദ്ധിപ്പിച്ച വിഹിതം നൽകൽ | 80000 | |
| | | | അംഗനവാടി പോഷകാഹാരം | 208600 | |

| | | | | | |
|---|---|---|---|---|---|
| | | | സ്നേഹസ്പർശം | 306375 | |
| | | | ക്ഷീരസമൃദ്ധി (ജനറൽ) | 300000 | |
| | | | ക്ഷീരസമൃദ്ധി (വനിത) | 200000 | |
| | | | | 686395 (തിരിച്ചടവ്) | |
| | | | ആകെ | 2691370 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 10925082 440815 (മുന്നിരിപ്പ്) 10484267 (വരവ്) | ലക്ഷംവീട് വാസ യോഗ്യമാക്കൽ (ന്യൂലൈഫ്) | 960000 | 510000 |
| | | | ലൈഫ് (ജനറൽ) | 2097010 | |
| | | | ലക്ഷംവീട് കോളനികളിൽ വീട് മെയിന്റനൻസ് | 480000 | |
| | | | ലൈഫ് ഭവനപദ്ധതി (എസ് സി) | 937257 | |
| | | | ന്യൂലൈഫ് വർദ്ധിപ്പിച്ച വിഹിതം നൽകൽ | 160000 | |
| | | | ലൈഫ് ഭവനപദ്ധതി (എസ് സി) | 4620000 | |
| | | | ക്ഷീരസമൃദ്ധി (ജനറൽ) | 40000 | |
| | | | ക്ഷീരസമൃദ്ധി (വനിത) | 50000 | |
| | | | ഇടമനക്കുഴിക്ക് സമീപം തെക്കേക്കുളം റോഡിൽ ഓടക്കടിയിലുള്ള കേടുപാടുകൾ സംഭവിച്ച കുടിവെള്ള പൈപ്പ് മാറ്റുന്ന പ്രവൃത്തി | 990000 | |
| | | | | 440815 (തിരിച്ചടവ്) | |
| | | | ആകെ | 10415082 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുന്നിരിപ്പ് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 799000 | 1496700* | - | 2295700 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കെ എസ് ഇ ബി | ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 1904344 | 98771 | 1474267 | 528848 |

*പ്രോജക്ട് നമ്പർ 359/21 പ്രകാരം നൽകിയ 990000/- രൂപയുടെ ചെലവ് എ എഫ് എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി | ജി ഒ (എം എസ്) നം .100/2018 /തസ്വഭവ തീയതി 30.7.2018 | 47080000 | 43447647 | 3906313 | - | 39541334 |
| കെ യു ആർ ഡി എഫ് സി | ലഭ്യമല്ല | 1900000 | 1900000 | - | | 1900000 |
| | | | | | ആകെ | 41441334 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 26454176.61 |
| വരവ് | 127938306.00 |
| ആകെ | 154392482.61 |
| ചെലവ് | 125222622.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 29169860.61 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 95,54,342 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 37,500 | ഡോ. ബിജു ആർ എം.,<br>മെഡിക്കൽ ഓഫീസർ, FHC |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 14,96,700 | ശ്രീ. ബിജുകുമാർ ആർ . റ്റി, സെക്രട്ടറി |
| 1-20 | 20,65,802 | ശ്രീ. ബിജുകുമാർ ആർ . റ്റി, സെക്രട്ടറി |
| 1-21 | 19,47,105 | ശ്രീ. ബിജുകുമാർ ആർ . റ്റി, സെക്രട്ടറി |
| 1-25 | 15,95,520 | ശ്രീ. ആനന്ദ് ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 1,15,500 | ശ്രീ. ആനന്ദ് ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 25,000 | ശ്രീമതി മേഴ്സി പി, എച്ച് എം |
| 1-29 | 2,50,000 | ഡോ. അരുൺകുമാർ ജി എസ്,<br>വെറ്ററിനറി സർജൻ |
| | 2,49,832 | ഡോ. മൃദുല പ്രവീൺ,<br>വെറ്ററിനറി സർജൻ |
| 1-30 | 3,75,000 | ഡോ. അരുൺകുമാർ ജി എസ്,<br>വെറ്ററിനറി സർജൻ |
| 1-39 | 23,337 | ശ്രീമതി രുഗ്മിണി റ്റി,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-42 | 13,85,000 | ശ്രീമതി ബിന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-45 | 18,162 | ശ്രീമതി ബിന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-50 | 7,384 | ശ്രീമതി ബിന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 95,54,342 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ( ഓഡിറ്റ് നടന്ന സമയത്തെ )ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ബിജുകുമാർ ആർ . റ്റി, സെക്രട്ടറി | സെക്രട്ടറി, ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ഗംഗ, പൂങ്കോട് പി ഒ |
| ശ്രീ. ആനന്ദ് ജെ, അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീരാഗം, മിന്നംകോട്, പേയാട് പി ഒ |
| ശ്രീമതി മേഴ്സി പി, എച്ച് എം | വിരമിച്ചു | ചിറ്റയം റോഡ്, നരുവാമൂട് |
| ഡോ. അരുൺകുമാർ ജി എസ്, വെറ്ററിനറി സർജൻ | | അനി ഭവൻ, കോളിയൂർ, മുട്ടക്കാട് പി ഒ |
| ഡോ. മൃദുല, വെറ്ററിനറി സർജൻ | | പ്രവീൺ ഹൌസ്, മൈലോട്, മലയിൻകീഴ് പി ഒ |
| ഡോ. ബിജു ആർ എം. മെഡിക്കൽ ഓഫീസർ | | റ്റി സി 54/649, നടുവത്ത് ഹൌസ്, കാരയ്ക്കാമണ്ഡപം പി ഒ |
| ശ്രീമതി രുഗ്മിണി റ്റി, ഐ സി ഡി എസ് സൂപ്പർവൈസർ | | രേഷ്മ ഭവൻ, പടർന്ന പ്ലാവിള, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി ഒ |
| ശ്രീമതി ബിന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ | | പുണർതം, കാലടി, കരമന പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 2 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 4 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 13 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1931/2016/04.09.2019 | 15 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1667/2017/30.01.2018 | 11 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1898/2018/19.02.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/404/2020 | 27 |
| 2019-20 | കെ എസ് എ റ്റി വി എം/ജി പി4/899/2021/3.7.2021 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്